LAITY VOICE

2015 JANUARY | Volume: 5 | No:7



ഔദ്യോഗിക കൂടിക്കാഴ്ചകൾക്കായി കേരളത്തിലെത്തിയ ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി ദേശീയ പ്രസിഡന്റും മുൻ കേന്ദ്രമന്ത്രിയുമായ വിൻസന്റ് എച്ച് പാല എംപി (മേഘാലയ)യെ കാഞ്ഞിരപ്പള്ളി രൂപതാ ആസ്ഥാനത്ത് ഭാരത കത്തോലിക്കാ മെത്രാൻ സമിതി അല്മായ കൗൺസിൽ ചെയർമാൻ മാർ മാത്യു അറയ്ക്കൽ സ്വീകരിക്കുന്നു. രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് റവ.ഡോ.മാത്യു പായിക്കാട്ട്, എൻ.എസ്.സുഖ്‌ലെയ്ൻ (ഷില്ലോങ്), ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി നാഷണൽ കോർഡിനേറ്റർ സിറിൾ സഞ്ജു ജോർജ്, ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി നാഷണൽ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഫാ.ജോൺ കുന്നേൽ എന്നിവർ സമീപം.

ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി ദേശീയ പ്രസിഡന്റ് വിൻസന്റ് എച്ച് പാല എംപിക്ക് ഊഷ്മള വരവേല്പ്

ക്രൈസ്തവ ഐക്യവും കൂട്ടായ പ്രവർത്തനവും കാലഘട്ടത്തിന്റെ ആവശ്യം: മാർ മാത്യു അറയ്ക്കൽ

കാഞ്ഞിരപ്പള്ളി: ക്രൈസ്തവസമൂഹം നേരിടുന്ന പൊതുവായ പ്രശ്നങ്ങളിൽ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ കൂട്ടായ പ്രവർത്തനം ഈ കാലഘട്ടത്തിൽ അടിയന്തരമാണെന്നും ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി നാഷണൽ കൗൺസിൽ അതിനുള്ള ചാലകശക്തിയായി മാറണമെന്നും ഭാരത കത്തോലിക്കാ മെത്രാൻ സമിതി ലെയ്റ്റി കൗൺസിൽ ചെയർമാൻ മാർ മാത്യു അറയ്ക്കൽ.

കാഞ്ഞിരപ്പള്ളി രൂപതാ കേന്ദ്രത്തിൽ എത്തിച്ചേർന്ന ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി ദേശീയ പ്രസിഡന്റും മുൻ കേന്ദ്രമന്ത്രിയും ഷില്ലോങ് എംപിയുമായ വിൻസന്റ് എച്ച് പാലയ്ക്ക് സ്വീകരണം നൽകി സംസാരിക്കുകയായിരുന്നു മാർ അറയ്ക്കൽ.

ആന്റോ ആന്റണി എംപി, കാഞ്ഞിരപ്പള്ളി രൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് റവ.ഡോ.മാത്യു പായിക്കാട്ട്, ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി നാഷണൽ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ, നാഷണൽ കോർഡിനേറ്റർ സിറിൾ സഞ്ജു ജോർജ്, ഷെവലിയർ സിബി വാണിയപ്പുരയ്ക്കൽ, ഫാ.ജോൺ കുന്നേൽ, എൻ.എസ്.സുഖ്‌ലെയ്ൻ (ഷില്ലോങ്) എന്നിവർ കൂടിക്കാഴ്ചയിൽ പങ്കുചേർന്നു. വിവിധ ക്രൈസ്തവ വിഭാഗങ്ങളിലെ പ്രമുഖരുമായുള്ള കൂടിക്കാഴ്ചകളുൾപ്പെടെ രണ്ടുദിവസത്തെ സന്ദർശനത്തിനായാണ് വിൻസന്റ് എച്ച് പാല എം.പി. കേരളത്തിലെത്തിയത്. ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റിയുടെ പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ ശക്തിപ്പെടുത്തുന്നതിന്റെയും 2015 മെയ് മാസം ഡൽഹിയിൽ ചേരുന്ന നാഷണൽ ക്രിസ്ത്യൻ കോൺഫറൻസിന്റെയും മുന്നോടിയായിട്ടായിരുന്നു സന്ദർശനം.

നിർബന്ധിത മതപരിവർത്തനം ഭാരതത്തെ ഭ്രാന്താലയമാക്കും: ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി

കൊച്ചി: ജനങ്ങളെ നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും അക്രമങ്ങൾ അഴിച്ചുവിട്ടും മതപരിവർത്തനം നടത്തുന്നത് ഭാരതത്തെ ഭ്രാന്താലയമാക്കുമെന്നും നിർബന്ധ മതപരിവർത്തനം കേന്ദ്രസർക്കാർ തെരഞ്ഞെടുപ്പു സമയത്തു പ്രഖ്യാപിച്ച രാജ്യത്തിന്റെ വികസന അജണ്ടയുടെ ഭാഗമാണോയെന്ന് പ്രധാനമന്ത്രി വ്യക്തമാക്കണമെന്നും ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി നാഷണൽ കൗൺസിൽ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ അഭ്യർത്ഥിച്ചു. ലോകജനസംഖ്യയുടെ 34 ശതമാനം ക്രൈസ്തവരാണ്. ഇത് ഭാരതത്തിലെ മൊത്തജനസംഖ്യയുടെ ഇരട്ടിയിലേറെയുമാണ്. ഇന്ത്യയിലെ കേരളമുൾപ്പെടെ ഏതെങ്കിലും സംസ്ഥാനത്ത് ഏതാനും കുടുംബങ്ങൾ നിർബന്ധ മതപരിവർത്തനത്തിന് വിധേയമായാൽ തകരുന്നതല്ല ക്രിസ്ത്യാനിറ്റി. തുമ്മിയാൽ തെറിക്കുന്ന വിശ്വാസമല്ല യഥാർത്ഥ ക്രൈസ്തവരുടേതെന്ന് വ്യക്തമാക്കുന്ന ഒട്ടേറെ ഉദാഹരണങ്ങൾ നമുക്കു ചുറ്റുമുണ്ട്. ഇറാക്കിലും സിറിയയിലും വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച ധീരരക്തസാക്ഷികളുടെ ചിത്രം ഇന്നും ക്രൈസ്തവ മനസുകളിൽ ദുഃഖവും വികാരവുമായി നിലനിൽക്കുകയാണ്. വിശ്വാസം ഒരു വ്യക്തിയുടെ സ്വാതന്ത്ര്യവും അവകാശവുമാണ്. ഭീഷണിയിലൂടെയല്ല, മറിച്ച് സ്നേഹത്തിലൂടെയും സാഹോദര്യത്തിലൂടെയും വിശുദ്ധ ഗ്രന്ഥങ്ങളിലെ ഉദ്ബോധനങ്ങളിലൂടെയും പങ്കുവയ്ക്കേണ്ടതാണ് മതവിശ്വാസങ്ങൾ. അതിനു ശ്രമിക്കാതെ അക്രമങ്ങൾ അഴിച്ചുവിടുന്നത് അരക്ഷിതാവസ്ഥകൾ സൃഷ്ടിക്കപ്പെടും. നിയമങ്ങളേപ്പോലും വെല്ലുവിളിച്ച് അധികാരകേന്ദ്രങ്ങളുടെ അംഗീകാരത്തോടെയുള്ള നിർബന്ധമതപരിവർത്തന ശ്രമങ്ങൾ ഭീകരവാദം വളർത്തുകമാത്രമല്ല, വർഗീയ വാദികളുടെ ഇംഗിത നടത്തിപ്പിനായി നിർദോഷികളായ ജനങ്ങളുടെ ചോരപ്പുഴയൊഴുകുന്നതിനിടയാകും. ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം നിലനിൽക്കുവാനും സമാധാനജീവിതം ഉറപ്പുവരുത്തുവാനും പൊതുസമൂഹം ഉണർന്നു ചിന്തിക്കണമെന്നും വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

എഡിറ്റോറിയൽ



കാർഷിക പ്രതിസന്ധി

മുഖം തിരിഞ്ഞുനിൽക്കുന്ന ഭരണനേതൃത്വങ്ങൾ

വഴിപാടു സമരങ്ങൾഎന്തു നേടിത്തന്നു?

കർഷകൻ ദുരിതഭാണ്ഡവുമായി പെരുവഴിയിൽ

കർഷകനൊരു പ്രശ്നം വന്നാൽ കൂടെനിൽക്കുവാൻ ആരുണ്ട്?

കാർഷിക മേഖല തകർന്നടിയുമ്പോൾ ചെപ്പടിവിദ്യകളിലൂടെ മുഖം മിനുക്കുന്ന സംസ്ഥാന സർക്കാരിന്റെ നിസംഗ നിലപാടുകളും യുപിഎ സർക്കാരിനെ പഴിചാരി രക്ഷപെടുവാൻ ശ്രമിക്കുന്ന മോദി ഗവൺമെന്റിന്റെ കർഷകവിരുദ്ധതയും വീണ്ടും വേദനയോടെ പ്രതികരിക്കുവാൻ ഇടയാക്കുന്നു. അസംഘടിത കർഷക മക്കളെ വോട്ടുബാങ്കുകൾ മാത്രമായി കണ്ട് കാലാകാലങ്ങളായി അധികാരത്തിലേറി അഴിമതിയുടെ കറപുരണ്ട് കൊഴുത്തുതടിച്ച കർഷകവഞ്ചകരെ ഇന്ന് അറപ്പോടും വെറുപ്പോടുംകൂടിയാണ് മണ്ണിന്റെ മക്കൾ കാണുന്നത്. കൈവെള്ളയിൽ മാത്രമല്ല, പ്രതിസന്ധികളിൽ തളരാതെ പോരാടി മനസ്സിന്റെ ഉള്ളിന്റെയുള്ളിലും തഴമ്പുള്ള കേരളത്തിലെ കർഷകസമൂഹം എല്ലാം നഷ്ടപ്പെടുന്ന അവസ്ഥയിൽ എത്തിനിൽക്കുമ്പോഴും വിവാദങ്ങളുടെ ലോകത്ത് ജനങ്ങളെ വിഡ്ഢികളാക്കി അഴിമതിയുടെ കണക്കുപുസ്തകവുമായി അധികാരത്തിൽ അമർന്നിരുന്നു സുഖിക്കുകയാണുപോലും കർഷക സംരക്ഷകർ.

പല തവണകളിലായി സംസ്ഥാന സർക്കാർ റബർ കർഷകർക്ക് നേരെ പിച്ചക്കാശ് എറിഞ്ഞു. ആദ്യം കിലോയ്ക്ക് രണ്ടുരൂപ കൂടുതൽ. പിന്നെ അഞ്ചുരൂപ അധികം. പിന്നീട് റബർ വ്യവസായികളുമായി കൂടിയാലോചിച്ച് ആകെ കിലോയ്ക്ക് 130 രൂപ. എന്നിട്ടൊരു പ്രസ്താവനയും കർഷരെ ഞങ്ങൾ രക്ഷിച്ചിരിക്കുന്നുവെന്ന്. പതിറ്റാണ്ടുകളായി പറഞ്ഞു പറ്റിച്ചവരുടെ വാക്കുകളെ മുഖവിലയ്ക്കെടുക്കുവാൻ ദാരിദ്ര്യമുണ്ടെങ്കിലും അന്തസ്സും അഭിമാനവും അടിയറവുവെച്ചിട്ടില്ലാത്ത കർഷകർക്കാവില്ല. 150 രൂപയോളം ഒരു കിലോ റബർ ഷീറ്റ് ഉല്പാദനത്തിന് ഇന്ന് ചെലവുണ്ടെന്നിരിക്കെ 2015 മാർച്ച് 31 വരെ 130 രൂപയ്ക്ക് റബർ എടുക്കുമെന്നുള്ള പ്രഖ്യാപനത്തിന് പുല്ലുവില. ഉല്പാദനത്തിന്റെ ഏറിയ പങ്കും തരംതിരിക്കാത്ത ഇനമായതിനാൽ ചെറുകിട കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച താൽക്കാലിക ആശ്വാസവിലയുടെ ഒരു പ്രയോജനവും ലഭിക്കുകയില്ല. ഉല്പാദന ചിലവ് ഉയരുകയും ഉല്പാദനം കുറയുകയും ചെയ്യുന്ന പ്രക്രിയയിൽ വൻ വിലയിടിവിലൂടെ തകർന്നടിയുകയാണ് കർഷകർ. കുറഞ്ഞ തുകയിൽ സംഭരിച്ചിരിക്കുന്ന വൻ സ്റ്റോക്കുകൾ വൻകിട റബർ കച്ചവടക്കാർക്ക് വിറ്റഴിക്കുവാൻ സർക്കാർ വക ഒരു പാരിതോഷികമെന്നല്ലാതെ ഈ പ്രഖ്യാപനങ്ങൾ കർഷകർക്ക് ഉപകരിക്കുകയില്ലെന്ന് തെളിഞ്ഞിരിക്കുന്നു. റബറുൾപ്പെടെ കാർഷിക മേഖലയിലെ പ്രതിസന്ധി അതിരൂക്ഷമായി തുടരുമ്പോഴും ക്രിയാത്മക നടപടികൾ സ്വീകരിക്കാതെ സംസ്ഥാന സർക്കാർ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടി ഇരുട്ടുകൊണ്ട് ഓട്ടയടക്കുകയാണ്.

റബറിന്റെ വിലത്തകർച്ചയിൽ കേന്ദ്രസർക്കാരിനെ പഴിചാരുന്ന സംസ്ഥാന സർക്കാരും രാഷ്ട്രീയ പാർട്ടികളും മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള യുപിഎ സർക്കാരിന്റെ കെടുകാര്യസ്ഥതയും കർഷകവിരുദ്ധ നിലപാടുമായിരുന്നു ഈ തകർച്ചയുടെ പ്രധാന കാരണമെന്നത് സൗകര്യപൂർവ്വം വിസ്മരിക്കുന്നു. ഉദാര സാമ്പത്തിക നയവും തീരുവ ഇളവും നൽകി ഇന്ത്യയിലെ വൻ റബർ വ്യവസായികൾക്ക് അനുകൂലമായ സാഹചര്യമൊരുക്കിയത് കോൺഗ്രസ് നേതൃത്വത്തിൽ കേന്ദ്രം ഭരിച്ച യുപിഎ സർക്കാരാണ്. അന്നും ഇന്നും കേരളം ഭരിക്കുന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ മൗനം അവലംബിച്ചത് മറക്കാനാവില്ല. ആഗോളതലത്തിലുള്ള വിലത്തകർച്ചയാണെന്ന ന്യായവാദങ്ങൾ നിരത്തുമ്പോഴും ലോകത്തിലെ പ്രധാന റബർ ഉല്പാദക രാജ്യങ്ങളുടെ അവസരോചിത വിപണി ഇടപെടലുകളും കർഷക ക്ഷേമപദ്ധതികളും ശ്രദ്ധേയവും നാം പഠനവിഷയമാക്കേണ്ടതുമാണ്. ലോക റബറിന്റെ 67 ശതമാനം ഉല്പാദനവും 80 ശതമാനം കയറ്റുമതിയും നടത്തുന്ന തായ്ലണ്ട്, ഇന്തോനേഷ്യ, മലേഷ്യ എന്നീ റബറുൽപാദക രാജ്യങ്ങൾ ഇവിടങ്ങളിലുള്ള 46 ലക്ഷം ചെറുകിടകർഷകർക്ക് കോടിക്കണക്കിന് രൂപയുടെ ആശ്വാസപാക്കേജുകൾ നടപ്പിലാക്കിയിരിക്കുന്നു. പട്ടാളഭരണമുള്ള തായ്ലണ്ടിൽ മാത്രം 6000 കോടിരൂപയാണ് കർഷകക്ഷേമ പദ്ധതികൾക്കായി മാറ്റിവെച്ചിരിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ റബർ വിപണിയിലുള്ള കഴിഞ്ഞകാല ഇടപെടലുകൾ സമ്പൂർണ്ണ പരാജയമായിരിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ധാർഷ്ട്യങ്ങൾക്കുമുമ്പിൽ ഓച്ചാനിച്ചുനിൽക്കുന്ന ജനപ്രതിനിധികൾക്ക് കർഷകരോട് പുച്ഛമാണു പോലും. **ഓരോ വർഷവും സംസ്ഥാന സർക്കാർ അവതരിപ്പിക്കുന്ന ബജറ്റിൽ കാർഷിക മേഖലയ്ക്കായി നടത്തുന്ന പ്രഖ്യാപനങ്ങൾ കൊട്ടിഘോഷിക്കലുകൾക്കപ്പുറം നടപ്പിലാക്കപ്പെടുന്നതിൽ വിജയിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിലെ കർഷകക്ഷേമ പ്രഖ്യാപനങ്ങളിൽ എന്തു നടപ്പിലാക്കിയെന്ന് ധവളപത്രമിറക്കാൻ സർക്കാർ തയ്യാറാകണം.** പ്രാദേശിക റബർ വിപണിയിൽ റബറിനു ന്യായവില ഉറപ്പാക്കാനും അവധി വ്യാപാരത്തെ നിയന്ത്രിക്കാനും കർഷകർക്കും ഉപഭോക്താക്കൾക്കും ഗുണകരമായ വിധത്തിൽ പ്രവർത്തിക്കാനും ഉതകുന്ന ക്രിയാത്മക പദ്ധതികൾ നടപ്പിലാക്കാതെ ഭരണപ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ വഴിപാടുസമരങ്ങൾ നടത്തി ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. ഇവരുടെ വഴിപാടുസമരങ്ങൾ നമുക്കെന്തു നേടിത്തന്നുവെന്നു കർഷകരും വിലയിരുത്തണം.

പത്തുവർഷം മുമ്പ് റബർ മേഖലയിൽ പ്രതിസന്ധിയുണ്ടായപ്പോൾ കേന്ദ്രസർക്കാർ കർഷകരക്ഷയ്ക്കായി കർഷകരുടെ സഹകരണത്തോടെ സ്വരൂപിച്ച 500 കോടിരൂപയുടെ വിലസ്ഥിരതാഫണ്ട് ഇപ്പോൾ പലിശയുൾപ്പെടെ 1000 കോടി രൂപയിലേറെയായി കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ കൈവശമുള്ളത് റബർ കർഷകർക്ക് അവകാശപ്പെട്ടതാണ്; കേന്ദ്രസർക്കാരിന്റെ ഔദാര്യമല്ല. ഇന്നത്തെ പ്രതിസന്ധിയിൽ റബർ സംഭരണത്തിനായി കേന്ദ്രസർക്കാർ വിലസ്ഥിരതാഫണ്ട് ഉപയോഗിക്കുവാൻ തയ്യാറാകണം. കർഷകർക്ക് അവകാശപ്പെട്ട ഈ ഫണ്ട് നേടിയെടുക്കുവാൻ കർഷകപ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടു വരണം. സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും വേണം.



കർഷകനൊരു പ്രശ്നം വന്നാൽ കൂടെനിൽക്കുവാൻ ആരുമില്ലാത്ത അവസ്ഥയാണ്. പ്രശ്നങ്ങൾ വരുമ്പോൾ മാത്രമേ മണ്ണിൽ പണിയെടുക്കുന്നവന്റെ സംഘടനാബോധം ഉണരുകയുള്ളൂ. അതും നിൽക്കക്കള്ളിയില്ലാതെ നിലംപരിശാകുമ്പോൾ. അല്ലാത്തപ്പോൾ ഞണ്ടിന്റെ സ്വഭാവമുള്ളവനായി കർഷകൻ മാറും. സമൃദ്ധിയുടെ നടുവിലും വരാൻപോകുന്ന വിപത്തിനെക്കുറിച്ച് ദീർഘവീക്ഷണത്തോടെ അറിഞ്ഞു ജീവിക്കുവാൻ കർഷകനാകുന്നില്ലെന്നതാണ് അവന്റെ

ഏറ്റവും വലിയ ബലഹീനത. സംഘടിത ശക്തിയായി ഉയർത്തെഴുന്നേൽക്കാനും പ്രതികരിക്കുവാനും സാധിക്കുന്നില്ലെങ്കിൽ എല്ലാം നഷ്ടപ്പെട്ട് തെരുവിലിറങ്ങേണ്ട സാഹചര്യം അതിവിദൂരമല്ല.

മലേഷ്യയിലേയും തായ്ലണ്ടിലേയും വെള്ളപ്പൊക്കമാണ് കേരളത്തിലെ കർഷകന്റെ ഇപ്പോഴുള്ള ഏക പ്രതീക്ഷ. രണ്ടാഴ്ചയിലേറെയായി മലേഷ്യ, ഇന്തോനേഷ്യ, തായ്ലണ്ട്, വിയറ്റ്നാം എന്നിവിടങ്ങളിൽ കനത്ത മഴയാണ്. ഇത് ഡിസംബറിലെ റബർ ഉല്പാദനം ഇവിടങ്ങളിൽ 30 ശതമാനം കുറവുണ്ടാക്കിയിട്ടുണ്ട്. മലേഷ്യയിലും തായ്ലൻഡിലും ഉല്പാദനം ഓരോ ലക്ഷം ടൺ കുറയുമെന്നാണ് ഇന്റർ നാഷണൽ റബർ കൺസോർഷ്യം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യിയും തവറോളിറ്റ് പറഞ്ഞത്. മലേഷ്യയും തായ്ലൻഡും ഇന്തോനേഷ്യയും കൂടി റബർവില സംരക്ഷിക്കുന്നതിനു രൂപം കൊടുത്തതാണു കൺസോർഷ്യം. ഇന്തോനേഷ്യയിലും ഉല്പാദന നഷ്ടമുണ്ട്. കയറ്റുമതി വൈകിപ്പിക്കാൻ ഇന്തോനേഷ്യയിലെ കയറ്റുമതിക്കാർ വാങ്ങലുകാരുമായി ചർച്ച നടത്തുകയാണ്. ഇന്ത്യയിലെ വ്യവസായികൾ ഇതിനോടകം കേന്ദ്രസർക്കാരിന്റെ പിൻബലത്തോടെ നടത്തിയ ഇറക്കുമതിയുടെ വൻ സ്റ്റോക്ക് ഉള്ളപ്പോൾ കേരളത്തിലെ റബറിന്റെ വില ഉയരുവാനുള്ള സാധ്യത വിരളമാണ്. ചുരുക്കിപ്പറഞ്ഞാൽ വരും നാളുകളിൽ വീണ്ടും ദുഃഖദുരിത ദിനങ്ങളാകും നമുക്കു മുന്നിലുള്ളത്. **വരാൻ പോകുന്ന സംസ്ഥാന ബഡ്ജറ്റിൽ കർഷകർക്കായി മോഹനസുന്ദര വാഗ്ദാനങ്ങളുടെ പെരുമ്പറ മുഴക്കുമായിരിക്കാം. കാലങ്ങളായി കേട്ടു തഴമ്പിച്ച വാചകക്കസർത്തുകളുടെ ആവർത്തനങ്ങൾ വീണ്ടുമുണ്ടാകാം. കഴിഞ്ഞ നാളുകളിലെ വാഗ്ദാനങ്ങൾ ഇന്നും പൊള്ളയായ വാഗ്ദാനങ്ങൾ മാത്രമായി കാത്തുസൂക്ഷിക്കുന്ന ഭരണതന്ത്രശാലികളുടെ കുതന്ത്രങ്ങളിൽ ഇന്നിന്റെ കർഷകജനത വീഴില്ലെന്നുള്ള സത്യം വരാൻപോകുന്ന പൊതുതെരഞ്ഞെടുപ്പുകളിൽ തെളിയിക്കാൻ നമുക്കാകണം.** സംഘടിത ശക്തിയുടെ അർത്ഥവും രൂപവും ഉൾക്കൊണ്ട് ശക്തമായി മുന്നേറുവാൻ കർഷകർക്ക് സാധിക്കണം.

ഷെവലിയർ വി.സി. സെബാസ്റ്റ്യൻ
ചീഫ് എഡിറ്റർ



ന്യൂനപക്ഷങ്ങൾ കുടിയേറ്റക്കാരല്ല, ഈ മണ്ണിൽ ജനിച്ചു വളർന്നവരാണ്

ആർച്ച്ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ

ഇറാക്ക്, സിറിയ എന്നീ സ്വതന്ത്രരാജ്യങ്ങൾ ചേർത്ത് സുന്നികൾക്കു മാത്രമായി ഒരു വിശാലരാഷ്ട്രം കെട്ടിപ്പടുക്കാനുള്ള തീവ്രശ്രമത്തിലാണ് ഐ.എസ് ഭീകരർ. അതിനുവേണ്ടി അവർ പതിനായിരങ്ങളെ കൊന്നൊടുക്കുകയും, വിമതരെ നാട്ടിൽനിന്നും അടിച്ചോടിക്കുകയുമാണ്. മനുഷ്യ ചരിത്രം ഇന്നുവരെ കണ്ടിട്ടില്ലാത്ത ബീഭത്സമായ ഭീകരതയുടെ നഗ്നതാണ്ഡവമാണ് അവിടെ നടമാടുന്നത്. വിദ്വേഷവും ഭീകരതയും പഠിപ്പിച്ച് കുട്ടികളെയും യുവജനങ്ങളെയും



അവിടെ രംഗത്തിറക്കുന്നു.

ഐ. എസ് ഭീകരരുടെ ലക്ഷ്യം ഇസ്ലാം മതവിശ്വാസത്തിനു മാത്രം പ്രബലാധിപത്യമുള്ള ഒരു വിശാല രാഷ്ട്രം സ്ഥാപിക്കുക എന്നതാണ്. പക്ഷേ ഭീകരതയുടെ വിത്ത് വിതച്ച് പീഡനം ആയോധനമുറയാക്കി ഒരു മതാധിഷ്ഠിത രാഷ്ട്രം സ്ഥാപിക്കുന്നതിനെ മുസ്ലീം മതപണ്ഡിതർ തന്നെ എതിർക്കുന്നു. പക്ഷേ ആ മതവിശ്വാസികളിൽ ഒരു വിഭാഗത്തിന്റെ പരമാധികാരം എങ്ങും ഉറപ്പിക്കുകയാണ് ഐ.എസുകാരുടെ പ്രഖ്യാപിത ലക്ഷ്യം. അതിന് അവർ പിന്തുടരുന്ന മാർഗ്ഗം മറ്റു മതസ്ഥരെയെല്ലാം അരിഞ്ഞു തള്ളുകയോ അടിച്ചോടിക്കുകയോ ചെയ്യുക എന്നതാണ്. അത്തരം ഹീനശ്രമത്തിന്റെ വാർത്തകൾ ലോകത്തെ കുറച്ചൊന്നു മല്ല ആശങ്കയിലാഴ്ത്തുന്നത്. മറ്റു മതസ്ഥർക്ക് ജീവിക്കാൻപോലും അവകാശമില്ല എന്ന കിരാതനീതി മതസ്വാതന്ത്ര്യത്തിന്റെ സമ്പൂർണ്ണ നിഷേധമാണ്; ജനാധിപത്യസമ്പ്രദായത്തിന്റെ അന്ത:സത്തയ്ക്ക് ഒട്ടും ചേരാത്തതും.

സമാന്തര നീക്കം

2021 ആകുമ്പോഴേക്കും ഹിന്ദുക്കൾ ഭാരതത്തിൽ നൂറു ശതമാനമാകുമെന്നാണ് ആർ.എസ്.എസ് നേതാവ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം, മറ്റ് മതസ്ഥർക്ക് ഇവിടെ സ്ഥലമുണ്ടാകില്ല എന്നുതന്നെയല്ലേ? അതായത് ഭാരതത്തെ തികച്ചും ഒരു മതാധിഷ്ഠിതരാജ്യമാക്കി മാറ്റും. ഭരണഘടനയിലൂടെ ഇവിടെ ഉണ്ടായ ഒരു സാമൂഹികഉടമ്പടിക്കു പാടേ വിരുദ്ധമാണ് ഇത്തരം കർക്കശനിലപാടുകൾ. ഒപ്പം, വ്യക്തികളുടെ മൗലികാവകാശത്തിൻമേലുള്ള കടന്നുകയറ്റവും. മനഃസാക്ഷിസ്വാതന്ത്ര്യം നിഷേധിക്കുന്നിടത്ത് മറ്റു സ്വാതന്ത്ര്യങ്ങളും ഹനിക്കപ്പെടുക സ്വാഭാവികം മാത്രം.

ഇവിടത്തെ മതതീവ്രവാദികൾ എപ്പോഴും ദേശീയതയ്ക്കുപരിയായി ഹിന്ദുത്വമാണ് ഉയർത്തിപ്പിടിക്കുന്നത്. ഭാരതം അനേകം മതങ്ങളുടേയും ഭാഷകളുടേയും വംശങ്ങളുടെയും സംഘാത ദേശമാണ്; വൈവിധ്യത്തിന്റെ ഹരിതഭൂമിയാണ്. ആധുനികലോകത്തിൽ സിദ്ധാന്തങ്ങളുടേയും ദർശനങ്ങളുടേയും വൈവിധ്യം ആർക്കും അവഗണിക്കാനാവില്ല. ഇതെല്ലാം മറന്ന് ഒരു മതാധിഷ്ഠിത രാഷ്ട്രം രൂപപ്പെടുത്താൻ ആരെങ്കിലും മുന്നിട്ടിറങ്ങിയാൽ ആ ആവേശം ദുരുപദിഷ്ടമാണ്. ആഗോളീകരിക്കപ്പെട്ട ഇന്നത്തെ ലോകത്തിൽ, കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടേയും ലോകത്തിൽ, ഒരു രാഷ്ട്രത്തിന് അടിസ്ഥാനം ഒരു മതമായിരിക്കണമെന്നു വാദിക്കുക എത്രയോ ബാലിശം. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന മറ്റു രാഷ്ട്രങ്ങളിൽ നിന്ന് ഇന്ത്യൻ വംശജരെയോ, അതല്ലെങ്കിൽ ഹിന്ദുക്കളെ മാത്രമായോ, ഭരണാധികാരികൾ ബഹിഷ്ക്കരിച്ചാൽ എന്തായിരിക്കും നമ്മുടെ സ്ഥിതി?. Cujus regio, ejus religio(ആരുടേതാണോ രാജ്യം, അയാളുടെ മതം തന്നെ അവിടത്തെ മതവും തന്നെ ആയിരിക്കണം) എന്നതു കാലഹരണപ്പെട്ട ആശയമാണ്. പക്ഷേ അതാണ് ഐ.എസും ഇവിടത്തെ തീവ്രവാദികളും ഒരുപോലെ ഉയർത്തിക്കാട്ടുന്നത്.

മതപരിവർത്തന വിവാദം

ഭരണഘടനയുടെ രൂപീകരണവേളയിൽ മതപരിവർത്തനവിഷയവും പൊന്തിവന്നതാണ്. നമ്മുടെ ഭരണഘടന വ്യക്തിസ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നതുകൊണ്ട് സമ്പൂർണ്ണ മതസ്വാതന്ത്ര്യം - വിശ്വാസം ഏറ്റുപറയുന്നതിനും ജീവിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം - ഉറപ്പാക്കുന്നു. മതപ്രചാരണം എന്നത് തന്റെ വിശ്വാസം, താൻ കണ്ടെത്തിയ സത്യം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനുള്ള അവകാശമാണ്. അതിന്റെ മറുവശമാണ് അങ്ങനെ കണ്ടെത്തിയ മറ്റൊരു സത്യം സ്വീകരിക്കുന്നതിനുള്ള വ്യക്തികളുടെ അവകാശം. അതിനാൽ സ്വതന്ത്രമായി മതംമാറുന്നതിനുള്ള അവകാശം

ഇന്ത്യ ഹിന്ദുക്കളുടേതാണ്, മറ്റു മതസ്ഥർ പിന്നീടു കയറിവന്നവരാണ് എന്നുപോലും ചിലർ പറഞ്ഞുവെച്ചിട്ടുണ്ട്. ഇതു കേവലം ബാലിശമായ വാദഗതിയാണ്. ഇവിടത്തെ ആദിവാസികളും ഗിരിവർഗ്ഗക്കാരും എന്നു വന്നവരാണ്? ആര്യന്മാർ എന്നാണു ഇന്ത്യയിലെത്തിയത് എന്നതിനു ചരിത്രമുണ്ട്. ഇവിടത്തെ ന്യൂനപക്ഷങ്ങൾ കുടിയേറ്റക്കാരല്ല, ഇവിടെ ജനിച്ചു വളർന്നവരാണ്. അവർ തങ്ങൾക്കു സ്വീകാര്യമായി തോന്നിയ സത്യം സ്വീകരിച്ചതുകൊണ്ട് മറു നാട്ടുകാരാകുമോ? ആശയങ്ങളും ആദർശങ്ങളുമൊന്നും മറ്റുള്ളവരിൽ നിന്നും സ്വീകരിക്കാൻ പറ്റാത്ത വിധം അടച്ചിട്ട നാടാണോ നമ്മുടേത്? രാഷ്ട്രങ്ങളെ അങ്ങനെ അടഞ്ഞ വ്യവസ്ഥയാണോ കാണേണ്ടത്? ശാസ്ത്രവും സാങ്കേതികവിദ്യയും ദർശനങ്ങളും മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കാത്ത ഏതെങ്കിലും രാജ്യം ഭൂമിയിലുണ്ടോ?

ഓരോ വ്യക്തിക്കുമുള്ളതാണ്.

മതംമാറുന്നതിന് ബലപ്രയോഗമോ മറ്റു പ്രലോഭനങ്ങളോ, കാപട്യമോ (force or fraud) ഉപയോഗിക്കാൻ പാടില്ല എന്നതു സ്വാഭാവികമായ അനുബന്ധമാണ്. അങ്ങനെയൊരു വകുപ്പിന്റെ കരടുരേഖ തയ്യാറാക്കി ഭരണഘടന നിർമ്മാണസഭയിലെ കമ്മറ്റിയിൽ വന്നതാണ്. "Conversion from one religion to the other brought about by coersion or undue influence shall not be recognized by law" എന്നു കൂട്ടിച്ചേർക്കണമെന്നായിരുന്നു നിർദ്ദേശം അതു കമ്മറ്റിയിൽ വീണ്ടും വിശദമായ ചർച്ചയ്ക്കു വിഷയമാവുകയും ചെയ്തു. കമ്മറ്റിയുടെ നിഗമനം ഇങ്ങനെയായിരുന്നു " it seems to us on further consideration that this clause enunciates a rather obvious doctrine which is unnecessary to include in the Constitution and we recommend that it be dropped altogther" ഇത് ഭരണഘടന നിർമ്മാണ സഭ സ്വീകരിക്കുകയും ചെയ്തു.

മറ്റൊരു സിദ്ധാന്തമോ മതവിശ്വാസമോ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം മൗലികാവകാശമാണ്. പക്ഷേ ബലം പ്രയോഗിച്ചോ കബളിപ്പിച്ചോ ഒരാളെ പരിവർത്തനം ചെയ്യിക്കുന്നത് അടിസ്ഥാന മൗലികാവകാശത്തിന്റെ നിഷേധം തന്നെയാണ്. സുപ്രീംകോടതി വിധികളും ഇത് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പക്ഷേ അതിനുവേണ്ടി നിയമനിർമ്മാണം നടത്തിയാൽ അത് പലവിധത്തിൽ ദുരുപയോഗിക്കപ്പെടുമെന്നതു വസ്തുതയാണ്. നിയമനിർമ്മാണത്തിൽ ദുരാരോപണങ്ങൾക്കും കുറ്റം ചുമത്തലിനും പഴുതുകളുണ്ടാക്കാൻ ഭരണപക്ഷത്തുള്ളവർക്കും പ്രബലസമുദായങ്ങൾക്കും സാധിക്കും. ഏറ്റവും സ്വതന്ത്രമായ മതപരിവർത്തനംപോലും തടസപ്പെടുത്താൻ ഭൂരിപക്ഷ തീവ്രവാദികൾക്ക് സാധിക്കുമെന്നത് പല അനുഭവങ്ങൾക്കൊണ്ടും തെളിയിക്കപ്പെട്ടിട്ടുണ്ട്. പാക്കിസ്ഥാനിലെ ദൈവനിന്ദനിയമം ഇതുപോലെ ഏറെ ദുരുപയോഗപ്പെടുന്ന ഒന്നാണ്. ഇങ്ങനെയുള്ള മതം മാറ്റത്തെ തടസ്സപ്പെടുത്തുന്ന തീവ്രവാദികൾ കേരളത്തിലുമുണ്ട്.

ഒരു മതസമൂഹത്തിന്റെ വിശ്വാസസംഹിതയും സേവനശൈലിയും വിശിഷ്ടമെന്നു മനസ്സിലാക്കുന്ന ഒരാൾക്ക് അത് സ്വന്തമാക്കാൻ അവസരം ലഭിക്കുക തന്നെവേണം.

സന്ദേഹത്തിനിടം നൽകുന്ന നീക്കങ്ങൾ

80 ശതമാനത്തോളം വരുന്ന ഒരു മതസമൂഹത്തിലെ തീവ്രവാദികൾ 2021 നകം മറ്റുള്ളവരെ ഇല്ലാതാക്കാൻ സംഘടിതമായി ഘർവാപസി നടത്തുമെന്നു പ്രഖ്യാപിക്കുമ്പോൾ ചെറുന്യൂനപക്ഷങ്ങൾക്ക് ആശങ്കകൾ ഉണ്ടാവുക സ്വാഭാവികം. പ്രത്യേകിച്ചും അധികാരകേന്ദ്രങ്ങളിൽ നിന്ന് അടുത്തകാലത്തുണ്ടായ പല പ്രസ്താവനകളും അരങ്ങേറിയ ചില സംഭവങ്ങളും ഒരേ ദിശയിലേക്കു തന്നെ വിരൽചൂണ്ടുന്നു.

ഇന്ത്യ ഹിന്ദുക്കളുടേതാണ്, മറ്റു മതസ്ഥർ പിന്നീടു കയറിവന്നവരാണ് എന്നുപോലും ചിലർ പറഞ്ഞുവെച്ചിട്ടുണ്ട്. ഇതു കേവലം ബാലിശമായ വാദഗതിയാണ്. ഇവിടത്തെ ആദിവാസികളും ഗിരിവർഗ്ഗക്കാരും എന്നു വന്നവരാണ്? ആര്യന്മാർ എന്നാണു ഇന്ത്യയിലെത്തിയത് എന്നതിനു ചരിത്രമുണ്ട്. ഇവിടത്തെ ന്യൂനപക്ഷങ്ങൾ കുടിയേറ്റക്കാരല്ല, ഇവിടെ ജനിച്ചു വളർന്നവരാണ്. അവർ തങ്ങൾക്കു സ്വീകാര്യമായി തോന്നിയ സത്യം സ്വീകരിച്ചതുകൊണ്ട് മറു നാട്ടുകാരാകുമോ? ആശയങ്ങളും ആദർശങ്ങളുമൊന്നും മറ്റുള്ളവരിൽ നിന്നും സ്വീകരിക്കാൻ പറ്റാത്തവിധം അടച്ചിട്ട നാടാണോ നമ്മുടേത്? രാഷ്ട്രങ്ങളെ അങ്ങനെ അടഞ്ഞ വ്യവസ്ഥയാണോ കാണേണ്ടത്? ശാസ്ത്രവും സാങ്കേതികവിദ്യയും ദർശനങ്ങളും മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കാത്ത ഏതെങ്കിലും രാജ്യം ഭൂമിയിലുണ്ടോ? അയോദ്ധ്യയിലെ രാമക്ഷേത്രം ഉടനടി നിർമ്മിക്കണമെന്ന് ചിലർക്കു നിർബന്ധം. അതിന്റെ ലക്ഷ്യം സുവിദിതമാണ്. താജ്മഹാളിനു പിന്നിൽ ക്ഷേത്രം ഉണ്ടായിരുന്നു എന്ന നിലപാടാണ് വേറെ ചിലർക്ക്. ഇങ്ങനെയുള്ള അവകാശവാദങ്ങൾ പുതിയ സംഘർഷങ്ങൾക്കും വിഭാഗീയതകൾക്കും വഴി തെളിക്കുമെന്നല്ലാതെ വേറെന്തുഗുണം? അന്തർദേശീയ ആഘോഷമായ ക്രിസ്തുമസ്ദിനം ഇവിടത്തെ ന്യൂനപക്ഷത്തെ പാടെ അവഗണിച്ചുകൊണ്ട് പ്രവൃത്തിദിനമാക്കുന്നതിന് സർക്കാർതലത്തിൽ എന്തിനാണു ശ്രമിച്ചത്? ന്യൂനപക്ഷങ്ങളുടെ ദേവാലയങ്ങൾ തകർത്തത് എന്തു സന്ദേശമാണ് പൊതുസമൂഹത്തിനു നൽകുക?. മതം മാറാനുള്ള സ്വതന്ത്ര്യം ഉണ്ടെങ്കിലും, സമ്മർദ്ദവും പ്രലോഭനവും ആ മേഖലയിൽ കൊണ്ടുവരരുതെന്നാണ് യുക്തമായ നിലപാട്. എന്നാൽ ക്രിസ്തുമസ്ദിനത്തിൽതന്നെ സംഘടിതമായ മതപരിവർത്തനം നടത്തുമെന്നു മുൻകൂട്ടി അറിയിച്ചുകൊണ്ടുള്ള ഏതു നീക്കവും ന്യൂനപക്ഷങ്ങളെ അവഹേളിക്കാനും, അവരുടെമേൽ സമ്മർദ്ദം ചെലുത്താനുമുള്ള തന്ത്രമായി മാത്രമേ കാണാൻ സാധിക്കൂ. മാത്രമല്ല വർഗ്ഗീയതയും വർഗ്ഗീയ സംഘർഷങ്ങളും പലയിടങ്ങളിലും വളരാൻ അതിടയാക്കും. ഇതെല്ലാം ഭൂരിപക്ഷത്തിന് മേൽക്കോയ്മ ഉറപ്പിക്കാനുള്ള ശ്രമമായി വ്യാഖ്യാനിക്കപ്പെടുക സ്വാഭാവികമാണ്.



ഇത്രയ്ക്കുമെല്ലാം സംഭവിച്ചിട്ടും നമ്മുടെ പ്രധാനമന്ത്രി നിശബ്ദനായിരിക്കുന്നത് ആശങ്ക വർദ്ധിപ്പിക്കുന്നു. ഇത്തരം സംരംഭങ്ങളെ അദ്ദേഹം പിന്തുണയ്ക്കുന്നതുകൊണ്ടല്ലേ ഇത് എന്നാണ് ജനങ്ങൾ ചോദിക്കുന്നത്. ഈയിടെ ഒരു ക്രൈസ്തവസംഘം അദ്ദേഹത്തെ സന്ദർശിച്ച് നിവേദനം നടത്തിയപ്പോൾ ന്യൂനപക്ഷസംരക്ഷണം ഉറപ്പാക്കുമെന്ന് പറഞ്ഞതായി പത്രറിപ്പോർട്ടു കണ്ടു. അതു സത്യസന്ധതയോടെയാണെങ്കിൽ നന്ന്.

വർഗീയതയ്ക്കെതിരായി ശക്തമായ നിലപാടുവേണം

ന്യൂനപക്ഷ സംരക്ഷണത്തിനാണ് രാഷ്ട്രപിതാവ് തന്റെ ജീവിതം ബലികഴിച്ചത്. ന്യൂനപക്ഷങ്ങൾക്ക് ഭദ്രതാബോധം നൽകണമെന്ന ഉറച്ചദർശനത്തോടെയാണ് സർദാർ പട്ടേലും ഡോ. അംബേദ്കറും മറ്റും നമ്മുടെ ഭരണഘടനയ്ക്കു രൂപം നൽകിയത്. ഭരണഘടനയുടെ അടിസ്ഥാനം ഭാരതത്തിലെ എല്ലാ വിഭാഗങ്ങളും ചേർന്നുള്ള വ്യക്തമായ ഒരു സാമൂഹിക ഉടമ്പടി (Social Contract) യിലാണ് "We the people of India having resolved to constitute India is into a Soverign, Socialist,Secular , Democratic, Republic and to secure to all its citiszens. Justice, Liberty, Equality, Fraternity in our Constituent Assembly on the 26th day of November, 1949 do here by adopt, enact and give to ours selves this Constitution" എന്നാണല്ലോ ഭരണഘടനയുടെ ആമുഖത്തിൽ പ്രഖ്യാപിക്കുന്നത്.ഇതു വിസ്മരിച്ചുകൊണ്ടുള്ള ഒരു നീക്കവും സാധൂകരിക്കാനാവില്ല. മാത്രമല്ല ഇത് ഭാരതീയ സാംസ്കാരികപാരമ്പര്യത്തിനു പാടേ വിരുദ്ധവുമാണ്. മതസഹിഷ്ണുതയും സൗഹാർദ്ദവുമാണ് നാം നൂറ്റാണ്ടുകളായി ഇവിടെ നിലനിറുത്തിയിരുന്നത്. അത് നഷ്ടപ്പെടുമെന്ന ഭീതി സൃഷ്ടിക്കുന്നത് അപകടകരമാണ്. ഇന്ത്യാ വിഭജനത്തിനു പോലും അതിടയാക്കിയെന്നു നമുക്കറിയാം.

അതുകൊണ്ട്തന്നെ, ഭൂരിപക്ഷ വിഭാഗത്തിലെ തീവ്രവാദികളല്ലാത്ത ബഹുഭൂരിപക്ഷവും ഇത്തരം മനോഭാവത്തെ നിരാകരിക്കുന്നത് ശുഭോദർക്കമാണ്. ക്രിസ്തുമസ് കാലത്ത് കേരളത്തിൽ ദൃശ്യമായ മതസൗഹാർദ്ദവും സാഹോദര്യവും തികച്ചും പ്രത്യാശയ്ക്കു വകനൽകുന്നുണ്ട്. ഈ ഒരുമയാണ് നാം വളർത്തിയെടുക്കേണ്ടത്. ഒരുമയിലാണ് രാഷ്ട്രം വളരുന്നത്. വിവേചനങ്ങളും ചേരിതിരിവും ഒരിക്കലും സമാധാനം സൃഷ്ടിക്കില്ല. മതസഹിഷ്ണുതയും സൗഹൃദവും ശക്തമാക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. Islamic State അല്ല നമുക്ക് ഇക്കാര്യത്തിൽ മാതൃകയാകേണ്ടത്.

റവ.ഡോ.സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ

മണ്ണിന്റെയും മനുഷ്യന്റേയും ദീർഘായുസിന് ജൈവകൃഷി എന്ന ആശയം 40 വർഷം മുൻപ് ഹൈറേഞ്ചിൽ നടപ്പാക്കിയതും പ്രചരിപ്പിച്ചതും പിതാവാണ്. ഇടുക്കിയുടെ കാർഷിക ഭൂപടത്തിൽ ഒരു കാർഷിക ശാസ്ത്രജ്ഞന്റെ അറിവും അനുഭവവും പങ്കുവച്ച കർഷകനാണ് മാർ മാത്യു അറയ്ക്കൽ.



സപ്തതിയുടെ നിറവിൽ അറയ്ക്കൽ പിതാവ്

കാഞ്ഞിരപ്പള്ളി രൂപതയുടെ സമഗ്രവികസനത്തിന് ദിശാബോധം നൽകുന്ന ഇടയൻ മാർ മാത്യു അറയ്ക്കൽ സപ്തതിയുടെ നിറവിൽ. രൂപതാധ്യക്ഷനെന്ന നിലയിൽ മാർ മാത്യു അറയ്ക്കലിന്റെ 14 വർഷത്തെ നേതൃശുശ്രൂഷയിലൂടെ ആധ്യാത്മികം, കാർഷികം, വിദ്യാഭ്യാസം, ആതുരസേവനം തുടങ്ങി എല്ലാ മേഖലകളിലും കാഞ്ഞിരപ്പള്ളി രൂപത അഭിമാനാർഹമായ വളർച്ച സ്വന്തമാക്കിയിരിക്കുന്നു.

കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ വിസ്തൃതമായ രൂപതയിൽ 140 ഇടവകളിലായി രണ്ടേകാൽ ലക്ഷം വിശ്വാസികളാണുള്ളത്. ദൈവാനുഗ്രഹം സമൃദ്ധമായി ചൊരിയപ്പെട്ട ഇടയശുശ്രൂഷയിൽ രൂപതയുൾപ്പെടുന്ന പ്രദേശം മറ്റൊരു കാനാൻദേശം പോലെ അഭിനാർഹമായ വളർച്ചയാണ് നേടിയെടുത്തത്. ഇടയന്റെ പാതകൾ പുൽത്തകിടികൾ മാത്രമല്ല കല്ലും മുള്ളും നിറഞ്ഞ വഴിത്താരയും ഉൾപ്പെട്ടതാണെന്ന ബോധ്യത്തോടെ കൈനിറയെ ചൊരിയപ്പെട്ട ദൈവപരിപാലനയെ നന്ദിയോടെ ഓർക്കുകയാണ് കാഞ്ഞിരപ്പള്ളി രൂപതാസമൂഹം. താൻ വിശ്രമമില്ലാതെ ചെയ്ത അധ്വാനത്തിന്റെ ഫലങ്ങൾ വിവിധ തലങ്ങളിൽ തലമുറകൾക്ക് നേട്ടവും സഹായവുമാകുമെന്ന ചാരിതാർഥ്യമാണ് ധന്യമായ വേളയിൽ പിതാവിനുള്ളത്.

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖലയിൽ നേട്ടങ്ങളുടെ നിറുകയിലേക്ക് ഉയർന്ന കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിംഗ് കോളജ്, അമൽജ്യോതി കമ്യൂണിറ്റി കോളജ്, കുട്ടിക്കാനം മരിയൻ കോളജ്, സഹ്യാദ്രി ആയുർവേദ ചികിത്സാ ഗവേഷണ കേന്ദ്രങ്ങൾ, പീരുമേട് ഡെവല്പ്മെന്റ് സൊസൈറ്റി, പിഡിഎസ് ഓർഗാനിക് ഫാക്ടറി, സഹ്യാദ്രി കോഓപ്പറേറ്റീവ് ബാങ്ക് തുടങ്ങിയ സംരംഭങ്ങൾ പിതാവിന്റെ ക്ലേശകരമായ അധ്വാനത്തിന്റെയും നേതൃപാടവത്തിന്റെയും നേട്ടങ്ങളുടെ പട്ടികയിൽ പ്രധാനപ്പെട്ടവയാണ്. ഹൈറേഞ്ചിലെ അധ്വാനകുടിയേറ്റ കർഷകർക്ക് പട്ടയം ഉൾപ്പെടെയുള്ള അവകാശങ്ങൾ നേടിക്കൊടുക്കാനുള്ള പ്രക്ഷോഭങ്ങളിൽ മുൻനിരയിൽനിന്നു നേതൃത്വം നൽകുമ്പോഴും പരിസ്ഥിതി സൗഹൃദ കാർഷിക വികസനവും സംസ്കാരവും പിതാവ് ലക്ഷ്യമിടുന്നു. ആരോഗ്യം ആയുർവേദത്തിലൂടെ എന്ന വലിയ ആശയത്തിന്റെ പ്രചാരകനാണ് പിതാവ്. പീരുമേട് സഹ്യാദ്രി റിസർച്ച് സെന്റർ, സഹ്യാദ്രി ആയുർവേദ ഗവേഷണ കേന്ദ്രം, സഹ്യാദ്രി ആയുർവേദ ഫാർമസി എന്നിവയെല്ലാം മൂന്നു പതിറ്റാണ്ടിലെ പിതാവിന്റെ കാഴ്ചപ്പാടിൽ സ്ഥാപിതമായി വളർന്നു പന്തലിച്ച വൻ സംരംഭങ്ങളാണ്.

മണ്ണിന്റെയും മനുഷ്യന്റേയും ദീർഘായുസിന് ജൈവകൃഷി എന്ന ആശയം 40 വർഷം മുൻപ് ഹൈറേഞ്ചിൽ നടപ്പാക്കിയതും പ്രചരിപ്പിച്ചതും പിതാവാണ്. ഇടുക്കിയുടെ കാർഷിക ഭൂപടത്തിൽ ഒരു കാർഷിക ശാസ്ത്രജ്ഞന്റെ അറിവും അനുഭവവും പങ്കുവച്ച കർഷകനാണ് മാർ മാത്യു അറയ്ക്കൽ.

അന്തർദേശീയ നിലവാരമുള്ള സഹ്യാദ്രി ജൈവ തേയില, സുഗന്ധദ്രവ്യ ഫാക്ടറികൾ ഇന്നു ആഗോളവിപണിയിൽ പേറ്റന്റുകളും ട്രേഡ് മാർക്കുകളുമുള്ള നേട്ടങ്ങളാണ്. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലേക്ക് ഇന്ത്യയിൽ നിന്നും ഏറ്റവും കൂടുതൽ ജൈവ സുഗന്ധദ്രവ്യങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനം പീരുമേട് ഡെവല്പെന്റ് സൊസൈറ്റിയാണ്. ജൈവകുരുമുളകിന്റെ സാധ്യക കർഷകരെ പഠിപ്പിക്കുകയും സുഗന്ധ ദ്രവ്യങ്ങൾ മൂല്യവർധിത ഉത്പന്നങ്ങളാക്കി കാർഷിക വിലത്തകർച്ചയെ നേരിടാൻ കർഷകരെ പ്രാപ്തരാക്കുകയും ചെയ്തു. കുടുംബശ്രീ എന്ന നിശബ്ദവിപ്ലവം കേരളത്തിൽ സ്ഥാപിതമാകും മുൻപു തന്നെ ഹൈറേഞ്ചിൽ കർഷക സഹകരണ കൂട്ടായ്മകളും വനിതാ സ്വാശ്രയ സംഘങ്ങളും ആദിവാസി മേഖലയിൽ സാക്ഷരതായജ്ഞവും പിതാവ് ആരംഭിച്ചു. ഓരോ ഇടവകയും പ്രദേശവും കാർഷിക സ്വയംപര്യാപ്തമായി മാറണമെന്നതാണ് പിതാവിന്റെ കാഴ്ചപ്പാട്. രാസവളം, കീടനാശിനി എന്നിവ പരിസ്ഥിതിയുടെ നാശം വിതയ്ക്കും എന്ന കാഴ്ചപ്പാട് കൃഷിയെ സ്നേഹിക്കുന്ന പിതാവിനുണ്ടായിരുന്നു. ഇതിനായി ഗ്രാമവികസനസമിതികൾ, സഹകരണസംഘങ്ങൾ, ബയോഗ്യാസ്, ഫെറോസിമെന്റ് ജലസംഭരണി, സൗരോർജ വെളിച്ചം തുടങ്ങിയ ആശയങ്ങൾ കാൽനൂറ്റാണ്ടു മുൻപേ പിതാവ് കുടിയേറ്റമേഖലകളിൽ നടപ്പാക്കി. *രൂപതയുടെ സംരഭമായ മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയും ഇതിന്റെ സംരഭങ്ങളും വളർച്ചയുടെ പുത്തൻ പടവുകളിലെത്തിയതിൽ പിതാവിന്റെ കർമോത്സുകത പ്രധാന ഘടകമാണ്.*

1971ൽ നവവൈദികനായി 22-ാം വയസിൽ ചങ്ങനാശേരി അതിരൂപതയുടെ തെക്കൻമിഷൻ മേഖലയിൽ തുടങ്ങിയ സാമൂഹികസേവനപാതയിൽ പിതാവിനു വിശ്രമമില്ല. പ്രവർത്തനത്തിലൂടെ പ്രബോധനം എന്നതാണ് പിതാവിന്റെ ശൈലി. അമ്പൂരിയിലും സമീപപ്രദേശങ്ങളിലും ലേബർ കോപ്പറേറ്റീവ് സൊസൈറ്റികൾ സ്ഥാപിച്ചുകൊണ്ടായിരുന്നു സാമൂഹിക പ്രവർത്തനങ്ങൾക്കു തുടക്കം. 1976ൽ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സാരഥിയായി അവികസിത ഹൈറേഞ്ചിലെത്തിയ ഇദ്ദേഹത്തിന് രണ്ടു പതിറ്റാണ്ടിലേറെ കർമഭൂമിയായിരുന്നു മലനാടൻ ഗ്രാമങ്ങൾ. *കർഷകർ, പിന്നോക്കവിഭാഗങ്ങൾ, ആദിവാസികൾ, തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനുള്ള വലിയ പ്രവർത്തനങ്ങൾക്കു പിഡിഎസ് തുടക്കമിട്ടു. ഒട്ടേറെ ചൂഷണത്തിന് വിധേയരായിരുന്ന ആദിവാസികളുടെ സംരക്ഷണത്തിനായി ഏറെ ക്ഷേമപദ്ധതികൾ നടപ്പാക്കി.* ഹൈറേഞ്ചിൽ റെഡ് ക്രോസിന്റെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ചു തുടങ്ങിയ സാമൂഹിക പ്രവർത്തനം കേന്ദ്രസർക്കാരിന്റെ ആസൂത്രണ ബോർഡ് ഉപദേശക സമിതി അംഗം എന്ന നിലയിൽ വരെ ഉയർന്നു. ദേശീയ അന്തർദേശിയ തലങ്ങളിൽ നല്ലബന്ധങ്ങളും സൗഹൃദങ്ങളും സ്ഥാപിച്ച് ഈ സാധ്യതകൾ രൂപതയ്ക്ക് നേട്ടമാക്കി മാറ്റുന്നു.

1998 ഫെബ്രുവരി ഒൻപതിന് മാർ മാത്യു വട്ടക്കുഴിയുടെ പിൻഗാമിയായാണ് മാർ അറയ്ക്കൽ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനായി ചുമതലയേറ്റത്. പങ്കാളിത്താധിഷ്ഠിത അജപാലനശൈലിയ്ക്കുടമയായ അറയ്ക്കൽ പിതാവ് ഓരോ ഇടവകയുടേയും ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് വ്യക്തിപരമായ ശ്രദ്ധ ചെലുത്താറുണ്ട്. അതൊടൊപ്പം തന്നെ പാവങ്ങളോടും രോഗികളോടും വിഷമിക്കുന്നവരോടും ദൈവികമായ സഹാനുഭൂതി പ്രകടിപ്പിക്കുന്ന സ്വഭാവവൈശിഷ്ട്യം അറയ്ക്കൽ പിതാവിനുണ്ട്. ഇടയശുശ്രൂഷയുടെ ഒന്നര പതിറ്റാണ്ട് പിന്നിടുമ്പോൾ വിദ്യാഭ്യാസമേഖലയിൽ അഭിനാർഹമായ നേട്ടങ്ങളാണ് രൂപത കൈവരിച്ചിരിക്കുന്നത്. നാലു കോളജുകൾ, 17 ഹയർ സെക്കൻഡറി സ്കൂളുകൾ,

(ശേഷം അടുത്ത പേജിൽ)

36 ഹൈസ്കൂളുകളും ഉൾപ്പെടെ 150 ലേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളും 16 ആശുപത്രികളും നാലു നഴ്സിംഗ് സ്കൂളുകളും അറുപതിലേറെ അഗതിമന്ദിരങ്ങളും രൂപതയുടെ പരിധിയിലുണ്ട്. ദക്ഷിണേന്ത്യയിൽതന്നെ ഏറ്റവും പ്രശസ്തമായ നിരവധി സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകളാണ് രൂപതയുടെ പരിധിയിലുള്ളത്.

കർഷകർക്കും ചെറുകിടസംരംഭകർക്കും സാമ്പത്തിക ഭദ്രതയും സഹായവും ലഭ്യമാക്കാൻ 2005ൽ പിതാവ് ചെറിയ സംരഭമായി തുടക്കം കുറിച്ച സഹ്യാദ്രി മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് വലിയൊരു ജനവിഭാഗത്തിന് ആശ്വാസമായി മറ്റു സംസ്ഥാനങ്ങളിലേയ്ക്കും വളർന്നിരിക്കുന്നു.

ഭാരത കത്തോലിക്കാ മെത്രാൻ സമിതി അല്മായ കൗൺസിൽ ചെയർമാൻ, ഏഷ്യൻ ബിഷപ്സ് കോൺഫറൻസ് ലെയ്റ്റി കമ്മീഷൻ അംഗം, സീറോ മലബാർ സഭ ഫിനാൻസ് കമ്മീഷൻ ചെയർമാൻ, ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ തുടങ്ങി സമുന്നതമായ ചുമതലകളിലെത്തിയ പിതാവ് സീറോ മലബാർ സഭയുടെ പ്രഥമ അല്മായ കമ്മീഷൻ ചെയർമാൻ കൂടിയാണ്. സഭാപ്രവർത്തനങ്ങളിൽ അത്മായരുടെ പങ്കാളിത്തം ശക്തിപ്പെടുത്തുകയും ലോകമെമ്പാടുമുള്ള പ്രവാസികളായ സഭാമക്കളെ



മാർ മാത്യു അറയ്ക്കലിന് ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി ദേശീയ സമിതിയുടെ സപ്തതിയാശംസകൾ ഷെവലിയർ സിബി വാണിയപ്പുരയ്ക്കൽ നേരുന്നു.

മാതൃസഭയുടെ പാരമ്പര്യത്തിൽ ഒരുമിപ്പിക്കാനും ശക്തിപ്പെടുത്താനും നൽകിയ സേവനങ്ങൾ ഏറെ വിലപ്പെട്ടതാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലും ബോർഡുകളിലും റെഡ് ക്രോസ് സൊസൈറ്റിയിലും ഉപദേശകനായും പിതാവ് സേവനമർപ്പിച്ചിട്ടുണ്ട്. കാർഷികമേഖലയ്ക്കു നൽകിയ സംഭാവനകൾക്ക് കർഷകമിത്രം, റെഡ് ക്രോസിന്റെ മികച്ച് സാമൂഹികസേവനകനുള്ള അവാർഡ്, ജൈവകൃഷി പ്രചാരണത്തിന് ഇസ്രായേൽ സർക്കാരിന്റെ ഗുഡ് വിൽ അംബാസിഡർ ബഹുമതി തുടങ്ങിയ അംഗീകാരങ്ങൾക്കും പിതാവ് അർഹനായിട്ടുണ്ട്.

ദരിദ്രരും പിന്നോക്കവുമായ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് സഹായവും ആശ്വാസവും എത്തിക്കുന്നതിൽ പിതാവ് ശ്രദ്ധപുലർത്തി. പാവങ്ങളായ 11,000 പേർക്കു വീടുകൾ, 10,000 മഴവെള്ളസംഭരണികൾ, 22,000 ബയോഗ്യാസ് പ്ലാന്റുകൾ, 3446 പുകരഹിതചൂളകൾ എന്നിവ നിർമിച്ചു നൽകി. ക്രീസ്തീയ ബോധ്യങ്ങളോടെ എല്ലാവരോടും സൗഹൃതം പുലർത്തി സമൂഹികനൻമയ്ക്കായി ശുശ്രൂഷയർപ്പിക്കുക, സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് ഈ വൈദികശ്രേഷ്ഠന്റെ പ്രവർത്തനശൈലി. വശ്യമായ വ്യക്തിത്വത്തിലൂടെ സ്വന്തമാക്കുന്ന ബന്ധങ്ങൾ രൂപതയ്ക്കും സമൂഹത്തിനും എങ്ങനെ നന്മയും നേട്ടവുമാക്കി മാറ്റാം എന്നതിനു തെളിവാണ് കാഞ്ഞിരപ്പള്ളി രൂപതയിൽ ഇന്നു കാണുന്ന വലിയ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമെന്നത് വിസ്മരിക്കാനാവില്ല. ദൈവം തന്ന ഈ കൃപകൾ എല്ലാവർക്കും നേട്ടമാകണമെന്ന നൻമയുടെ മനസാണ് പിതാവിനെ കൂടുതൽ ബന്ധങ്ങളിലേക്ക് നയിക്കുന്നത്.

കാർഷിക പ്രതിസന്ധിയിൽ ഇൻഫാം ശക്തിപ്പെടുത്തുക
കേരള കത്തോലിക്കാ മെത്രാൻ സമിതി

കൊച്ചി: കാർഷിക മേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരുമ്പോൾ കാർഷിക വിഷയങ്ങളിൽ മുഖം തിരിഞ്ഞു നിൽക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കെതിരെ ശക്തമായി പ്രതികരിക്കുവാനും രാഷ്ട്രീയത്തിനതീതമായി നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തി ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം)നെ ഇടവകകളും പഞ്ചായത്തുകളും തോറും ശക്തിപ്പെടുത്തുവാനും ആഹ്വാനം ചെയ്തുകൊണ്ട് കേരള കത്തോലിക്കാ മെത്രാൻ സമിതി സർക്കുലർ പുറപ്പെടുവിച്ചു. ജനുവരി 4ന് കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര സഭകളിലെ 30 രൂപതകളിലെയും ദൈവാലയങ്ങളിൽ സർക്കുലർ വായിക്കും. തുടർന്നുള്ള കർമ്മപരിപാടികളും ഇതോടൊപ്പം പ്രതിപാദിക്കുന്നുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ് മാർ മാത്യു അറയ്ക്കലാണ് സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നത്. 2015 ജനുവരി 15 കർഷകദിനമായി ആചരിക്കുവാനും ആഹ്വാനം ചെയ്യുന്നു.

കേന്ദ്രസർക്കാരുകളുടെ കർഷകദ്രോഹപരമായ റബർ ഇറക്കുമതി നയംമൂലം റബറിന്റെ വില മുൻ വർഷത്തേക്കാൾ പകുതിയോളമായി ചുരുങ്ങി എന്നത് കർഷകരുടെ സകല പ്രതീക്ഷയേയും കൃഷിയുടെ ഭാവിയേയും തകിടം മറിച്ചിരിക്കുകയാണ്. വ്യവസായ ലോബികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി പ്രതിവർഷം ആവശ്യമായ ഇറക്കുമതിയുടെ ഏഴിരട്ടിവരെ റബർ ഇറക്കുമതി ചെയ്യാൻ സർക്കാർ അനുവദിക്കുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു പ്രധാന കാരണം. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ റബറിന്റെ ഇറക്കുമതിയിലെ വികലമായ നയങ്ങൾ ഉടനടി തിരുത്തപ്പെടുന്നില്ലെങ്കിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് കർഷകകുടുംബങ്ങൾ പട്ടിണിയിലാകും. റബറിനെ വ്യവസായ ഉല്പന്നത്തിൽ നിന്ന് ഒഴിവാക്കി, കാർഷിക ഉല്പന്നമായി കണ്ട് റബർ തടി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാൻ അനുവദിച്ചാൽ റബർ കർഷകർക്ക് അല്പമെങ്കിലും ആദായമാകും. ഉല്പന്നങ്ങളുടെ വിലയിടിവിനു പുറമെ സ്വന്തം കൃഷി ഭൂമിയുടെ സ്വതന്ത്ര വിനിയോഗത്തിനുവേണ്ടി ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മീഷനുകളുടെയും ഉദ്യോഗസ്ഥലോബികളുടെയും ദയാദാക്ഷിണ്യത്തിനു കാത്തു



തീരദേശനിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കുമെന്ന സർക്കാർ ഉറപ്പ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ലെന്നും, ഈ വിജ്ഞാപനം മൂലം തീരദേശവാസികൾക്ക് വീടുകൾ പുതുക്കി പണിയുന്നതിനോ പുതിയ വീട് നിർമ്മിക്കുന്നതിനോ സാധ്യമല്ലാത്ത സാഹചര്യമാണെന്നും കെസിബിസി സർക്കുലറിൽ ചൂണ്ടിക്കാട്ടുന്നു. തീരദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും മത്സ്യസമ്പത്തും സംരക്ഷിക്കപ്പെടണം. എന്നാൽ കടലിന്റെയും കായലുകളുടെയും തീരങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന ജനങ്ങളെ വിസ്മരിക്കരുത്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും തീരത്തെ ജനസാന്ദ്രതയും പരിഗണിച്ച് വിജ്ഞാപനത്തിലെ വനനിർമ്മാണത്തിനായുള്ള ദൂരപരിധി നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കണം. പരമ്പരാഗത ചെറുകിട മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് വെല്ലുവിളിയുയർത്തുന്ന നിർദ്ദേശങ്ങൾ ചെറുകിട മത്സ്യമേഖലയെ തകർക്കുന്നതും കടലിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ രക്ഷയ്ക്കുള്ള ഏക പരിഹാരം മലയോരങ്ങളിലും തീരദേശങ്ങളിലും ഇടനാട്ടിലും ജീവിക്കുന്ന ജനസമൂഹം ഒരു മനസ്സോടെ സംഘടിത ശക്തിയാവണമെന്നും ആഹ്വാനം ചെയ്യുന്നു.

ലോക മതനേതാക്കളുടെ സമ്മേളനം ചരിത്രസംഭവമായി;

ഫ്രാൻസീസ് പാപ്പായ്ക്കൊപ്പം മാതാ അമൃതാനന്ദമയിയും

വത്തിക്കാൻ സിറ്റി: അടിമത്തം തുടച്ചുനീക്കുന്നതിനു ഫ്രാൻസീസ് മാർപാപ്പായുടെ നിയന്ത്രണത്തിൽ ലോകമതനേതാക്കളുടെ സമ്മേളനം വത്തിക്കാനിൽ നടന്നു. ഭാരതത്തിൽനിന്ന് ഹിന്ദുമതത്തെ പ്രതിനിധീകരിച്ച് മാതാ അമൃതാനന്ദമയി പങ്കെടുത്തു. കത്തോലിക്കാ, ആംഗ്ലിക്കൻ, ഓർത്തഡോക്സ് മതനേതാക്കൾക്കൊപ്പം ഹൈന്ദവ, ബുദ്ധ, യഹൂദ, മുസ്ലീം വിഭാഗങ്ങളുടേതടക്കം 12 മതനേതാക്കൾ ഒരുമിച്ച് അണിനിരന്നത് ചരിത്രസംഭവമായി.

നിർബന്ധിത ജോലിയെടുപ്പിക്കൽ, മനുഷ്യക്കടത്ത്, വേശ്യാവൃത്തി, അവയവക്കടത്ത് എന്നിങ്ങനെയുള്ള ആധുനിക അടിമത്തങ്ങൾ മാനവരാശിക്കെതിരായ കുറ്റകൃത്യമാണെന്ന് എല്ലാവരും തിരിച്ചറിയുന്നതിനുള്ള സംയുക്ത പ്രഖ്യാപനത്തിൽ മതനേതാക്കൾ ഒപ്പുവച്ചു.

ചരിത്രദൗത്യത്തിൽ മാർപാപ്പയ്ക്കൊപ്പം പങ്കാളിയാകാൻ സാധിച്ചത് ആദരവായി കാണുന്നുവെന്നും ആഗോളതലത്തിലെ പ്രശ്നങ്ങൾക്ക് ഐക്യത്തിലൂടെയും സമാധാനത്തിലൂടെയും പരിഹാരം കണ്ടെത്തുന്നതിന് മതനേതാക്കളുമായുള്ള ഇത്തരം കൂടിക്കാഴ്ചകൾ വഴിതെളിക്കുമെന്നും അമൃതാനന്ദമയി പറഞ്ഞു.

ആധുനിക അടിമത്തവും മനുഷ്യക്കടത്തും ശാശ്വതമായി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഗ്ലോബൽ ഫ്രീഡം നെറ്റ്വർക്കിന്റെ (ജിഎഫ്എൻ) നേതൃത്വത്തിലായിരുന്നു സംഗമം. കഴിഞ്ഞ മാർച്ചിൽ വത്തിക്കാനിലാണ് ജിഎഫ്എൻ രൂപീകരിച്ചത്. വോക്ക് ഫ്രീ ഫൗണ്ടേഷൻ പ്രതിനിധിയും ജിഎഫ്എൻ പങ്കാളിയുമായ ആൻഡ്രൂ ഫോറസ്റ്റും സാമൂഹിക വ്യാപാര രംഗങ്ങളിലെ പ്രമുഖരും, സെൻ ബുദ്ധിസം ആചാര്യൻ തിച്ച് നാട്ട് ഹൻ (വിയറ്റ്നാം), റബ്ബി അബ്രഹാം സ്കോർക്ക (അർജന്റീന), എക്യുമെനിക്കൽ പാത്രീയർക്കീസ് ബർത്തലോമിയ ഒന്നാമൻ (ഗ്രീസ്), ആയത്തുള്ള മുഹമ്മദ് തഖി അൽ മൊദ്രസി (ഇറാക്ക്), കാന്റർബറി ആർച്ച് ബിഷപ് ജസക്കറ്റിൻ വെൽബി എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു.



ഓക്ലാൻഡിൽ സീറോ മലബാർ കാത്തലിക് മിഷന്റെ ക്രിസ്മസ് ആഘോഷം

ഫാ. ജോയി തോട്ടങ്കര, ഫാ. ജോബിൻ വന്യമ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി

ഓക്ലാൻഡ്: ന്യൂസിലാൻഡിലെ ഓക്ലാൻഡ് സീറോ മലബാർ കാത്തലിക് മിഷൻ സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ അധ്യയന വർഷത്തിലെ ക്ലാസുകളുടെ പരിസമാപ്തി കുറിക്കുന്നതിനോടനുബന്ധിച്ച് ക്രിസ്മസ് ആഘോഷവും സമ്മാനദാനവും നടത്തി.

ഡിസംബർ 14ന് ഉച്ചകഴിഞ്ഞ് എല്ലേഴ്സ്ലി സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയത്തിലാണ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്. സൺഡേ സ്കൂൾ കയറിന്റെ പ്രാർഥനാഗാനത്തോടെ ആരംഭിച്ച ചടങ്ങുകളിലേക്ക് ഹെഡ്മാസ്റ്റർ ഏവരേയും സ്വാഗതം ചെയ്തു. തുടർന്ന് വിവിധ ക്ലാസുകളിലെ കുട്ടികളുടെ കയറിന്റെ ആഭിമുഖ്യത്തിൽ കരോൾ ഗാനങ്ങൾ, സ്കിറ്റുകൾ, ആക്ഷൻ സോംഗുകൾ, ഡാൻസുകൾ എന്നിവ നടത്തി.



ചാപ്ലെയിൻ ഫാ. ജോയി തോട്ടങ്കര ക്രിസ്മസ് ആശംസകളും അസിസ്റ്റന്റ് ചാപ്ലെയിൻ ഫാ. ജോബിൻ വന്യമ്പറമ്പിൽ ക്രിസ്മസ് സന്ദേശവും നൽകി. തുടർന്ന് അർധവാർഷിക, വാർഷിക പരീക്ഷകളിലെ സംയുക്ത വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. നൂറു ശതമാനം ഹാജർ നേടിയ 33 കുട്ടികൾക്കുള്ള സമ്മാനങ്ങളും നൽകി. തുടർന്ന് ക്രിസ്മസ് കേക്ക് മുറിച്ച് വിതരണം ചെയ്തു. ക്രിസ്മസ് ഫ്രണ്ടിനുള്ള 'സീക്രട്ട് സാന്റ' സമ്മാനങ്ങളും കൈമാറി. ജോസ് ജോസഫ് നന്ദി പറഞ്ഞു. തുടർന്നു ആഘോഷമായ ദിവ്യബലിയും നടന്നു.

സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റിനു പുതിയ ഭാരവാഹികൾ

കുവൈറ്റ്: സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റിന്റെ പുതിയ ഭാരവാഹികളായി അഡ്വ. ബെന്നി തോമസ് നാല്പതാംകളം (പ്രസിഡന്റ്), ജോർജ് തോമസ് കാലായിൽ (ജനറൽ സെക്രട്ടറി), ജോൺസൺ ദേവസി നീലങ്കാവിൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, വടക്കേ അറേബ്യ വികാരിയേറ്റിന്റെ ബിഷപ് കാമില്ലോ ബല്ലീൻ എന്നിവർ രക്ഷാധികാരികളായ സംഘടനയുടെ വാർഷിക പൊതുയോഗത്തിൽ പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.



അഡ്വ. ബെന്നി തോമസ്



ജോർജ് തോമസ്



ജോൺസൺ ദേവസി

49

സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച) .....

സമയത്തിന്റെ അവസാനംവരെ ലോകം മുഴുവനിലും തന്റെ പരിശുദ്ധസഭ നിലനിൽക്കാൻവേണ്ടി പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നീ ചുമതലകൾ ക്രിസ്തു പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സംഘത്തെ ഭരമേൽപ്പിച്ചു. അവരിൽനിന്ന് പത്രോസിനെ തിരഞ്ഞെടുത്തു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനുശേഷം തന്റെ സഭയെ അയാളിൽ പണിയുന്നതിന് അവിടന്ന് തീരുമാനിച്ചു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ അവിടന്നു പത്രോസിനു വാഗ്ദാനം ചെയ്തു. പത്രോസിന്റെ സ്നേഹപ്രഖ്യാപനം കഴിഞ്ഞ് തന്റെ ആടുകളെയെല്ലാം വിശ്വാസത്തിൽ സ്ഥിരീകരിക്കാനും പരിപൂർണ്ണമായ ഐക്യത്തിൽ മേയിക്കാനും അയാളെ ഏല്പിച്ചു. എങ്കിലും ക്രിസ്തുതന്നെ പ്രധാന മൂലക്കല്ലായി എന്നും സ്ഥിതിചെയ്യുകയും നമ്മുടെ ആത്മാക്കളെ പരിപോഷിപ്പിക്കുകയും ചെയ്യും.

ശ്ലീഹന്മാരും അവരുടെ പിൻഗാമികളും, അതായത് പത്രോസിന്റെ പിൻഗാമിയുടെ ആദ്ധ്യക്ഷത്തിലുള്ള മെത്രാന്മാർ, വിശ്വസ്തതാപൂർവ്വം സുവിശേഷം പ്രസംഗിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനും സ്നേഹത്തിൽ തന്റെ സഭയുടെ ഭരണം സാധിക്കാനും ഇതുവഴി പരിശുദ്ധാരൂപിയുടെ പ്രവർത്തനശക്തിയാൽ തന്റെ ജനം വർദ്ധിക്കാനും ക്രിസ്തു തിരുമനസ്സായി. ഐക്യത്തിലുള്ള അവരുടെ സ്നേഹബന്ധത്തെ ഒരേ വിശ്വാസപ്രഖ്യാപനം, പൊതുവായ ദൈവാരാധന, ദൈവഭവനത്തിലെ സഹോദരങ്ങളുടെ ഹൃദയൈക്യം എന്നിവവഴി അവിടുന്ന് പൂർത്തീകരിക്കുന്നു.

ദൈത്തിന്റെ ഒരേയൊരു അജഗണമാണ് സഭ. അവൾ ജനതകൾക്ക് കാണാൻ ഒരു അടയാളമായി ഉയർത്തപ്പെട്ടിരിക്കുകയാണ്. അവൾ സമാധാനത്തിന്റെ സുവിശേഷം മനുഷ്യവർഗ്ഗത്തിനു മുഴുവനും നൽകുന്നു. അങ്ങനെ പ്രതീക്ഷയോടെ പിതാവിന്റെ രാജ്യത്തിലേയ്ക്കുള്ള തീർത്ഥയാത്ര സഭ തുടരുകയാണ്. ഇതാണ് പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തിലൂടെയും ക്രിസ്തുവിലും ക്രിസ്തുവിലൂടെയും സഭയ്ക്കുള്ള ഐക്യത്തിന്റെ പരിശുദ്ധ രഹസ്യം; പരിശുദ്ധാരൂപിയാണ് സഭയിലുള്ള വിവിധങ്ങളായ അപ്പസ്തോലിക ജോലികൾ ക്രമീകരിക്കുന്നത്. ഈ രഹസ്യത്തിന്റെ ഉത്തമമാതൃകയും അടിസ്ഥാനപ്രമാണവും ത്രിയേകദൈവത്തിലെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യമാണ്.

3. വേർപെട്ടസഹോദരങ്ങൾക്ക് കത്തോലിക്കാസഭയോടുള്ള ബന്ധം-ദൈവത്തിന്റെ സഭ ഒന്നുമാത്രമാണ്. എങ്കിലും അതിന്റെ ആരംഭത്തിൽതന്നെ ചില പിളർപ്പുകളുണ്ടായി. വിശുദ്ധ ശ്ലീഹാ ശക്തിയായി അവയെ ശപിച്ചുതള്ളിയിട്ടുണ്ട്. പക്ഷേ തുടർന്നുവന്ന ശതാബ്ദങ്ങളിൽ വ്യാപകമായ ഭിന്നതകൾ പ്രത്യക്ഷപ്പെടാതിരുന്നില്ല. അങ്ങനെ വലിയ സമൂഹങ്ങൾ തന്നെ കത്തോലിക്കാ സഭയുമായുള്ള പൂർണ്ണയോജിപ്പിൽനിന്നും അകന്നുപോയി. ആ ഭിന്നതയ്ക്കു ചിലപ്പോഴൊക്കെ ഇരുഭാഗത്തും കുറ്റമില്ലാതില്ല. ഭിന്നിച്ചുപോയ സഭാവിഭാഗങ്ങളിൽ ജനിച്ച, ക്രിസ്തുവിൽ വിശ്വസിച്ചു വളരുന്ന ഇന്നത്തെ തലമുറയിൽ പിളർപ്പിന് ആധാരമായ അപരാധം ആരോപിക്കാൻ പാടില്ല. കത്തോലിക്കാ സഭ ബഹുമാനത്തോടും സ്നേഹത്തോടുംകൂടി സ്വസഹോദരങ്ങളേപ്പോലെയാണ് അവരെ സ്വീകരിക്കുന്നത്. **ക്രിസ്തുവിൽ വിശ്വസിച്ച് ശരിയായി മാമ്മോദീസാ സ്വീകരിക്കുന്നവർ കത്തോലിക്കാസഭയുമായി പരിപൂർണ്ണമായിട്ടല്ലെങ്കിലും ഒരുതരം ഐക്യത്തിലാണു വർത്തിക്കുന്നത്. കത്തോലിക്കാസഭയും ഇതര ക്രൈസ്തവസമൂഹങ്ങളും തമ്മിൽ വ്യത്യസ്തമായ തോതിൽ വിയോജിപ്പുകളുണ്ട്.** തത്വസംഹിതകളുടെ കാര്യത്തിലും ചിലപ്പോഴെല്ലാം ശിക്ഷണരീതിയുടേയും സഭാഘടനയുടേയും കാര്യത്തിലും ഇതു ദൃശ്യമാണ്. വാസ്തവത്തിൽ അവ സഭകളുടെ പൂർണ്ണമായ ഐക്യത്തിന് വളരെയധികം വിഘാതങ്ങൾ-ചിലപ്പോൾ ഗൗരവമായവതന്നെ-ഉളവാക്കുന്നുണ്ട്. ഈ വിടവുകൾ നികത്താനാണ് എക്യുമെനിക്കൽ പ്രസ്ഥാനം പരിശ്രമിക്കുന്നത്. ഇങ്ങനെയുള്ള ഭിന്നതകളൊക്കെയുണ്ടെങ്കിലും മാമ്മോദീസായിൽ വിശ്വാസംവഴി നീതീകരിക്കപ്പെട്ടിരിക്കുന്നവരെല്ലാം ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളത്രെ. തന്മൂലം ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടാൻ അവർക്ക് അവകാശമുണ്ട്. അതുകൊണ്ടു കത്തോലിക്കാ സഭയുടെ സന്താനങ്ങൾ അവരെ കർത്താവിൽ സഹോദരന്മാരായി പരിഗണിക്കുന്നതു നീതിയുമാണ്.

കത്തോലിക്കാസഭയുടെ ദൃശ്യസീമകൾക്കപ്പുറത്തും ക്രിസ്തീയ മൂല്യങ്ങൾ ഉണ്ടാവാം-കൂടാതെ സഭയെ പണിതുയർത്തി ജീവൻ പ്രദാനംചെയ്യുന്ന മൂല്യങ്ങളിലും മുതൽക്കൂട്ടുകളിലും പ്രദാനപ്പെട്ട പലതും കത്തോലിക്കാസഭയുടെ ദൃശ്യമായ അതിർത്തികൾക്കപ്പുറത്ത് ഉണ്ടാവാം. അങ്ങനെയുള്ളവയാണ് എഴുതപ്പെട്ട ദൈവവചനം, പ്രസാദവരത്തിന്റെ ജീവൻ, വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവയും പരിശുദ്ധാത്മാവിന്റെ മറ്റു ആന്തരിക ദാനങ്ങളും ദൃശ്യഘടകങ്ങളും. ക്രിസ്തുവിന്റെ



ഏകസഭയാണ്, ക്രിസ്തുവിൽനിന്നു പുറപ്പെടുകയും ക്രിസ്തുവിലേയ്ക്കു നയിക്കുകയും ചെയ്യുന്ന ഇവയ്ക്കെല്ലാം യഥാർത്ഥത്തിൽ അവകാശി.

നമ്മിൽ നിന്നും അകന്നുനിൽക്കുന്ന സഹോദരങ്ങളും ക്രിസ്തുമതത്തിലെ പല ആരാധനാവിധികളും ഉപയോഗിക്കുന്നുണ്ട്. ഓരോ സഭാവിഭാഗത്തിന്റേയും സമൂഹത്തിന്റേയും സ്ഥിതിവ്യത്യാസമനുസരിച്ച് വിവിധ രീതികളിൽ ഇവയ്ക്കു തീർച്ചയായും പ്രസാദവരജീവൻ യഥാർത്ഥത്തിൽ നൽകാൻ കഴിയും. ഇവയെല്ലാം രക്ഷയുടെ കൂട്ടായ്മയിൽ പ്രവേശിക്കാനുള്ള വഴിതുറക്കാൻ പര്യാപ്തങ്ങളാണ്.

ഒരു പക്ഷേ വേർപെട്ട സഭകൾക്കും സമൂഹങ്ങൾക്കും മേൽപ്പറഞ്ഞ ന്യൂനതകൾ ഉണ്ടെന്നു നാം വിശ്വസിക്കുന്നെങ്കിലും ഈ സഭകൾക്ക് രക്ഷണീയ രഹസ്യത്തിലുള്ള പ്രാധാന്യം ഒരുതരത്തിലും ഇല്ലാതാകുന്നില്ല. കാരണം ക്രിസ്തുവിന്റെ അരൂപി ഈ സഭകളെയെല്ലാം രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളായി ഉപയോഗിക്കുന്നതിൽ നിന്നു വിരമിക്കുന്നില്ല. കത്തോലിക്കാസഭയെ ഏല്പിച്ചിട്ടുള്ള സത്യത്തിന്റെയും പ്രസാദവരത്തിന്റെയും പൂർണ്ണതയിൽ നിന്നാണ് ഈ മാർഗ്ഗങ്ങൾ ഫലവത്തായിത്തീരുന്നത്.

(തുടരും)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).



പ്രാർത്ഥനാധിഷ്ഠിത ജീവിതം

ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

4

നമ്മുടെ പ്രാർത്ഥനയും ബലിയുമൊക്കെ ഫലപ്രദമാകണമെങ്കിൽ നാം പ്രാർത്ഥിക്കുന്നതിനു മുൻപ് പിണങ്ങിനിൽക്കുകയോ ശത്രുതയിൽ കഴിയുകയോ ചെയ്യുന്ന നമ്മുടെ സഹോദരങ്ങളോടു നാം രമ്യപ്പെട്ടേ മതിയാകൂ. കാരണം, യേശു പറയുന്നു: "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു നിന്നോടെന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിൻ മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്തായി 5:23-24). മറ്റുള്ളവരുടെ തെറ്റുകൾ, "ഏഴെന്നല്ല, ഏഴ് എഴുപതു പ്രാവശ്യം" (മത്തായി 18:22) അവരോടു ക്ഷമിക്കണമെന്നു പഠിപ്പിച്ച യേശു നമ്മെ ഇപ്രകാരം ഓർമ്മിക്കുന്നു: "നിങ്ങൾ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല" (മത്തായി 18:35). അവിടുന്നു വീണ്ടും പറയുന്നു: " മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ

നമ്മുടെ പ്രാർത്ഥനയും ബലിയുമൊക്കെ ഫലപ്രദമാകണമെങ്കിൽ നാം പ്രാർത്ഥിക്കുന്നതിനു മുൻപ് പിണങ്ങിനിൽക്കുകയോ ശത്രുതയിൽ കഴിയുകയോ ചെയ്യുന്ന നമ്മുടെ സഹോദരങ്ങളോടു നാം രമ്യപ്പെട്ടേ മതിയാകൂ.

ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും" (മത്തായി 6:14). നമ്മുടെ തെറ്റുകളെക്കുറിച്ചു ദൈവത്തോട് നാം മാപ്പപേക്ഷിക്കുമ്പോൾ യേശുവിന്റെ ഈ വചനങ്ങൾ നമ്മുടെ ഓർമ്മയിലുണ്ടായിരിക്കണമെന്നു മാത്രമല്ല, അവിടുന്നാവശ്യപ്പെടുന്നതുപോലെ നാം ക്ഷമിക്കുകയും ചെയ്യണം. എങ്കിലേ നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കൂ.

25. നാം രഹസ്യമായും വ്യക്തിപരമായും (മത്തായി 6:6) പ്രാർത്ഥി ക്കുന്നതു പോലെതന്നെ പ്രധാനപ്പെട്ടതാണു സമൂഹമായും പ്രാർത്ഥിക്കുന്നത്. സോളമൻ രാജാവ് ജറുസലം ദേവാലയം പണികഴിപ്പിച്ചതിനു ശേഷം ജനങ്ങളെ എല്ലാവരേയും വിളിച്ചുകൂട്ടി അവരോടു ചേർന്നാണ് ദൈവത്തിനു ആരാധനയും സ്തുതിയും പുകഴ്ചയും അർപ്പിച്ചത് (1 രാജാക്കന്മാർ 8:22-30). യേശുവിന്റെ സ്വർഗാരോഹണത്തിനു ശേഷം യേശുവിന്റെ ശിഷ്യർ "ഏകമനസോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (നടപടി 1:14) എന്നാണു നടപടി പുസ്തകത്തിൽ നാം വായിക്കുന്നത്. പന്തക്കൊസ്താതിരുനാൾ ദിവസം യേശുവിന്റെ ശിഷ്യന്മാർ ഒരുമിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നുവല്ലോ പരിശുദ്ധാത്മാവ് അവരുടെ മേൽ എഴുന്നുള്ളിവന്നത് (നടപടി 8:22-30). പിന്നീടു പത്രോസ് ശ്ലീഹ തടവിലാക്കപ്പെട്ടപ്പോൾ സഭാംഗങ്ങൾ ഒരുമനസോടെ സമ്മേളിച്ച് പ്രാർത്ഥിക്കുന്നത് നടപടി പുസ്തകത്തിൽ (നടപടി 12:6-19) വിവരിച്ചിട്ടുണ്ട്. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച്കൂടിയാൽ അവരുടെ മധ്യേ ഞാൻ ഉണ്ട്" (മത്തായി 18:20) എന്ന തിരുവചനം വ്യക്തമാക്കുന്നതു നമ്മുടെ കൂട്ടായ്മയുടെയും സംഘാതമായ പ്രാർത്ഥനയുടെയും പ്രാധാന്യമല്ലയോ? അതുപോലെതന്നെ, അവിടുന്നു പഠിപ്പിച്ച 'സ്വർഗസ്ഥനായ പിതാവേ' എന്ന വിശിഷ്ടമായ പ്രാർത്ഥന പ്രധാനമായും സമൂഹമായിട്ടു ചൊല്ലുവാനുള്ളതാണെന്നു ആ പ്രാർത്ഥന വ്യക്തമാക്കുന്നുണ്ടല്ലോ (മത്തായി 6:9-14); ലൂക്കാ 11: 2-4).

26 **നാം പ്രാർത്ഥിക്കുന്ന അവസരത്തിൽ ഇരിക്കുകയോ നിൽക്കുകയോ മുട്ടുകുത്തുകയോ ഒക്കെ ചെയ്യാം. സുവിശേഷത്തിലെ ചുങ്കക്കാരൻ നിന്നുകൊണ്ടു മാറത്തടിച്ചു പ്രാർത്ഥിച്ചപ്പോൾ (ലൂക്കാ 18:13) നെഹമിയ നിലത്തിരുന്നു കരഞ്ഞു വിലപിച്ചു പ്രാർത്ഥിക്കുകയാണു ചെയ്തത് (നെഹമിയ1:4). ദേവാലയപ്രതിഷ്ഠയുടെ അവസരത്തിൽ സോളമൻ ബലിപീഠത്തിന്റെ മുമ്പിൽ മുട്ടുകുത്തി കൈകൾ ആകാശത്തിലേക്കുയർത്തിയാണു പ്രാർത്ഥിച്ചത് (1 രാജാക്കന്മാർ 8:54). ദാനിയേൽ പ്രവാചകൻ ദിവസവും മൂന്നു നേരം മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചിരുന്നു (ദാനിയേൽ 6:10). യേശുവിനെ സമീപിച്ച ഒരു കുഷ്ഠരോഗി മുട്ടിന്മേൽ നിന്നാണു തന്നെ സൗഖ്യമാക്കണമെന്നു യേശുവിനോടപേക്ഷിച്ചത് (മർക്കോസ് 1:40). യേശു തന്നെയും പ്രാർത്ഥിച്ചതു "മുട്ടിന്മേൽ വീണ്" ആയിരുന്നുവെന്നു ലൂക്കാ സുവിശേഷകനും (22:41) സ്തേഫാനോസിനെ കല്ലെറിഞ്ഞുകൊല്ലുമ്പോൾ അദ്ദേഹം "മുട്ടുകുത്തി വലിയ സ്വരത്തിൽ" തന്റെ ഘാതകർക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നുവെന്നു നടപടി പുസ്തകത്തിലും (7:60) സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.**

27. മോശയും അഹറോനും "താണുവീണു" ദൈവത്തോടു പ്രാർത്ഥിച്ചതായി സംഖ്യയുടെ പുസ്തകത്തിൽ (16:22) നാം വായിക്കുന്നുണ്ട്. മോശയുടെ പിൻഗാമിയായ ജോഷ്വാ ആകട്ടെ "കർത്താവിന്റെ വാഗ്ദാനപേടകത്തിനു മുമ്പിൽ സാഷ്ടാംഗം വീണു കിടന്നാണു" പ്രാർത്ഥിച്ചത് (ജോഷ്വാ 7:6). പ്രവാചകനായ എസക്കിയേലും "കമിഴ്ന്നു വീണു നിലവിളിച്ചു" പ്രാർത്ഥിച്ചിരുന്നു (എസക്കിയേൽ 9:8). ഗത്സേമനിയിൽ വച്ചു യേശു "കമിഴ്ന്നു വീണു" പ്രാർത്ഥിച്ചു എന്നു മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട് (26:39). പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന ദാവീദ് "രാത്രി മുഴുവനും കൈകൾ വിരിച്ചു പിടിച്ചു" പ്രാർത്ഥിച്ചതായി കാണുന്നുണ്ടു (സങ്കീ. 77:2).

28. പ്രാർത്ഥനയ്ക്കായി ഓരോരുത്തരും തെരഞ്ഞെടുക്കുന്ന വിവിധങ്ങളായ ഈ രീതികൾ പ്രാർത്ഥനയുടെ വിവിധ തലങ്ങളെ സൂചിപ്പിക്കുന്നവയാണെന്നതിൽ സംശയമില്ല. എങ്കിൽപ്പോലും എല്ലാവർക്കും അത്ര എളുപ്പത്തിൽ ഈ വിവിധ രീതികൾ പ്രാവർത്തികമാക്കുവാൻ സാധിച്ചു എന്നു വരില്ല. എപ്പോഴും പ്രാർത്ഥിക്കുവാൻ നമുക്കു സാധിക്കണം എന്നതാണു പ്രധാനപ്പെട്ട കാര്യം. എന്നാൽ നമ്മുടെ പ്രാർത്ഥന ഒരിക്കലും അധരവ്യായാമമായി അധഃപതിക്കുകയുമരുത്. "ഈ ജനം വാക്കുകൊണ്ടു മാത്രം എന്നെ സമീപിക്കുകയും അധരംകൊണ്ടു മാത്രം എന്നെ ആരാധിക്കുകയും ചെയ്യുന്നു; എന്നാൽ ഇവരുടെ ഹൃദയം എന്നിൽനിന്ന് അകന്നിരിക്കുന്നു" (ഏശയ്യ 29:13) എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നതു നാം മറന്നുപോകരുത്. **നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന നാം തന്നെ കേൾക്കുന്നുവെന്നു ഉറപ്പുവരുത്തണം. അല്ലെങ്കിൽ അതു വെറും അധരവ്യായാമമായി അധഃപതിക്കും. നമ്മുടെ പ്രാർത്ഥനയുടെ സ്വരം നാം കേൾക്കുന്നില്ലെങ്കിൽ ദൈവം അതെങ്ങനെ കേൾക്കാനാണ്?**

(തുടരും)

ഐഎസിന്റെ ലഘുലേഖ ഞെട്ടിക്കുന്നു

കന്യകയെങ്കിൽ പെട്ടെന്നു കീഴടക്കുക, ഗർഭപാത്രം ശുദ്ധീകരിക്കുക

കീഴ്പ്പെടുത്തി ലൈംഗികാടിമയാക്കിയ പെൺകുട്ടി ഏതു പ്രായക്കാരിയായാലും കന്യകയാണെങ്കിൽ തൊട്ടടുത്ത നിമിഷം കന്യകാത്വം തകർക്കാൻ ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾക്ക് നിർദ്ദേശം. ലോകം മുഴുവനും ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ഇസ്ലാമിക് സ്റ്റേറ്റ് മനുഷ്യാവകാശ ലംഘനത്തിന്റെ പേരിൽ വീണ്ടും ഞെട്ടിച്ചിരിക്കുന്നത് ലൈംഗികാടിമകളെ എങ്ങനെ ഉപയോഗിക്കാം എന്ന കാര്യത്തിൽ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിലൂടെയാണിത്.

കീഴ്പ്പെടുത്തിയ സ്ത്രീകളെ ലൈംഗികാടിമകളായോ വെപ്പാട്ടിയായോ മറ്റൊരാൾക്ക് സമ്മാനമായി പോലും നൽകാനുള്ള അവകാശം ഇതിലൂടെ തങ്ങളുടെ പോരാളികൾക്ക് ഐഎസിന്റെ ഗവേഷണ ഫത്വാ വിഭാഗം നൽകുന്നു. ഏതു പ്രായക്കാരിയാണെങ്കിലും ലൈംഗികാടിമ കന്യകയാണെങ്കിൽ തൊട്ടടുത്ത നിമിഷം കന്യകാത്വം നശിപ്പിക്കാനാണ് നിർദ്ദേശം. കന്യകയല്ലെങ്കിൽ അവളുടെ ഗർഭപാത്രം പുതിയ കുഞ്ഞിനെ നൽകി പരിശുദ്ധമാക്കണമെന്നും പറയുന്നു.

ഐഎസിന്റെ മാംസദാഹത്തിന്റെ പുതിയ മുഖമായ ലഘുലേഖയിലൂടെ 'ബന്ധികളാക്കപ്പെട്ടവരേയും അടിമകളേയും ഉപയോഗിക്കേണ്ട കാര്യത്തിലെ ചോദ്യോത്തരങ്ങൾ' എന്ന പേരിലാണ് മാർഗ്ഗനിർദ്ദേശം പുറത്തിറക്കിയിരിക്കുന്നത്. ഇനി ഒരു സ്ത്രീക്ക് രണ്ടുപേർ അവകാശികളായാൽ ലൈംഗികത പങ്കുവയ്ക്കാൻ അനുവദിക്കില്ല. പകരം പങ്കാളികളിലൊരാൾ മറ്റേയാൾക്ക് വിൽക്കുകയോ സമ്മതിക്കുകയോ ചെയ്യുന്ന മുറയ്ക്കായിരിക്കണം ആ അടിമയെ മറ്റെയാൾ ഉപയോഗിക്കാനെന്നും പുസ്തകത്തിൽ പറയുന്നു.



സ്ത്രീകളെ മർദ്ദിക്കാൻ ഉടമയ്ക്ക് അധികാരമുണ്ട്. എന്നാൽ മുഖത്തു തല്ലരുതെന്നും പറയുന്നു. അച്ചടക്കത്തിന് വേണ്ടിയായിരിക്കണം മർദ്ദനമെന്നും പറയുന്നു. ഒരു ഉടമയിൽ നിന്നും ലൈംഗികാടിമ രക്ഷപെട്ടാൽ മറ്റൊരാളുടെ അടിമയെ ചുംബിക്കുന്നതുപോലും നിരോധിക്കപ്പെട്ടിട്ടുണ്ട്. 27 ചോദ്യങ്ങൾക്കാണ് ഉത്തരം നൽകിയിട്ടുള്ളത്. അറബിയിൽ തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശം മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് പരിഭാഷപ്പെടുത്തിയിട്ടുള്ളത്.

കെനിയയിൽ 36 ക്രിസ്ത്യൻ തൊഴിലാളികളെ വെടിവെച്ചുകൊന്നു



നെയ്റോബി: കെനിയയിലെ മന്ദേര കൗണ്ടിയിൽ 36 ക്രിസ്ത്യൻ തൊഴിലാളികളെ വെടിവെച്ച് കൊന്നു. ഒരു ക്വാറിയിലെ ട്രന്റിൽ ഉച്ചയ്ക്ക് വിശ്രമിക്കുകയായിരുന്ന നൂറോളം വരുന്ന തൊഴിലാളികളിൽ നിന്ന് മുസ്ലീം വിഭാഗത്തിൽപെട്ടവരെ മാറ്റിനിർത്തിയശേഷം ക്രിസ്ത്യൻ തൊഴിലാളികളെ നിരത്തിനിർത്തി വെടിവെച്ച് കൊല്ലുകയായിരുന്നു. നേരത്തെ സമീപത്തുള്ള ബാറിൽ നടന്ന ഏറ്റുമുട്ടലിൽ ഒരു മുസ്ലീം ഇതര വിഭാഗക്കാരൻ കൊല്ലപ്പെട്ടിരുന്നു. അതിനുശേഷം മുസ്ലീം ഇതരവിശ്വാസികളായ 28 ബസ് യാത്രക്കാർ കൊല്ലപ്പെട്ടിരുന്നു. സൊമാലിയയിൽ നിന്നുള്ള ഇസ്ലാമിക തീവ്രവാദ സംഘടനയായ അൽ-ഷബാബ് ആണ് ആക്രമണത്തിനു പിന്നിൽ. 2011 മുതൽ കെനിയയിൽ അൽ-ഷബാബ് ആക്രമണം പതിവാണ്. മൊംബസയിൽ സംഘടനയ്ക്കെതിരായ നടപടിയിൽ കെനിയൻ സൈനികർ പങ്കെടുത്തതിനുള്ള പ്രതികാരമായാണ് അൽ ഷബാബിന്റെ കൂട്ടക്കുരുതി. മുമ്പ് ആയുധം ഒളിപ്പിച്ചുവച്ചിട്ടുണ്ടെന്നാരോപിച്ച് മൊംബസയിലെ പള്ളികളിൽ സൈന്യം റെയ്ഡ് നടത്തിയിരുന്നു. ഇതും അൽ ഷബാബിന്റെ ക്രൂരതയ്ക്ക് കാരണമായി. 2011ൽ അൽ ഷബാബിനെതിരെ സോമാലിയയിലേയ്ക്ക് സൈന്യത്തെ അയച്ചതോടെയാണ് കെനിയയിൽ അക്രമങ്ങൾ വർദ്ധിച്ചത്. 2013 സെപ്തംബറിൽ നെയ്റോബിയിലെ വെസ്റ്റ്ഗേറ്റ് ഷോപ്പിംഗ് സെന്ററിൽ 77 പേർ കൊല്ലപ്പെട്ട ആക്രമണത്തിനു പിന്നിൽ അൽ ഷബാബാണെന്ന് കെനിയ ആരോപിക്കുന്നു.

മതം മാറാൻ വിസമ്മതിച്ച നാല് കുട്ടികളുടെ തലവെട്ടി

ബാഗ്ദാദ്: ഇസ്ലാമിലേയ്ക്ക് മതം മാറാൻ വിസമ്മതിച്ച നാല് കുട്ടികളെ ഐഎസ് ഭീകരർ ശിരച്ഛേദം ചെയ്തു. വിക്കാർ ഓഫ് ബാഗ്ദാദ് എന്നറിയപ്പെടുന്ന കാനോൺ ആൻഡ്രൂ വൈറ്റാണ് ബാഗ്ദാദിലെ ക്രിസ്ത്യൻ മേഖലയിൽ ഐഎസ് നടത്തിയ ക്രൂരത വെളിപ്പെടുത്തിയത്.

ഏഎസ് തങ്ങളെ വേട്ടയാടുകയായിരുന്നു. നിരവധി പേരെ കൊന്നൊടുക്കി. കുഞ്ഞുങ്ങളുടെ തലകൾ വെട്ടിമാറ്റിശരീരം വെട്ടിനുറുക്കിയശേഷമാണ് അവർ വടക്കോട്ട് നീങ്ങിയതെന്ന് ഓർത്തഡോക്സ് ക്രിസ്ത്യൻ നെറ്റ്വർക്കിനോട് ആൻഡ്രൂ വൈറ്റ് പറഞ്ഞു.

ഇസ്ലാമിലേയ്ക്ക് പരിവർത്തനം ചെയ്യാമെന്ന് സമ്മതിച്ചില്ലെങ്കിൽ നിങ്ങളുടെ കുട്ടികളെ കൊലപ്പെടുത്തുമെന്നായിരുന്നു ഐഎസിന്റെ ഭീഷണി. 15വയസിനു താഴെയുള്ള കുട്ടികളാണ് കൊല്ലപ്പെട്ടത്. എന്നാൽ ബാഗ്ദാദിലെ ഭൂരിപക്ഷം മുസ്ലീംകളും ക്രിസ്തുമത വിശ്വാസികളായ തങ്ങളെ ഇഷ്ടപ്പെടുന്നവരാണെന്നും ആൻഡ്രൂ വൈറ്റ് കൂട്ടിച്ചേർത്തു.

സിഡ്നിയിൽ ഐഎസ് ആക്രമണം; ലോകം കൂടുതൽ ഭീതിയിലേയ്ക്ക്



സിഡ്നിയിൽ തീവ്രവാദികൾ 13 പേരെ തോക്കിൻമുനയിൽ ബന്ദികളാക്കി. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ടോണി ആബട്ടുമായി സംസാരിക്കാൻ അനുമതി ആവശ്യപ്പെട്ടാണ് തീവ്രവാദികൾ ഇവരെ ബന്ദികളാക്കിയത്. പേടിച്ചരണ്ട സ്ത്രീകളെക്കൊണ്ട് ഐഎസ് ഭീകരരുടെ കരിങ്കൊടി വീശിപ്പിക്കുകയും ചെയ്തു.

സിഡ്നി ഓപ്പറ ഹൗസിനു മുമ്പിലുള്ള കഫേയിലിരുന്നവരെയാണ് തീവ്രവാദികൾ ബന്ദികളാക്കിയത്. ആയുധധാരികളായ സംഘം കഫേയിലേയ്ക്ക് ഇരച്ചുകയറുകയും അവിടെയുണ്ടായിരുന്നവരെ കീഴ്പ്പെടുത്തുകയുമായിരുന്നു. നഗരത്തിലെമ്പാടും ബോംബുകൾ വച്ചിട്ടുണ്ടെന്ന ഭീഷണിയും തീവ്രവാദികൾ മുഴക്കി. ഇതേത്തുടർന്ന് ഓപ്പറഹൗസിൽ ഉണ്ടായിരുന്നവരെ മുഴുവൻ പോലീസ് ഒഴിപ്പിക്കുകയും ചെയ്തു.

എബോള: മരണം സംഖ്യ 7,500 കടന്നതായി ലോകാരോഗ്യ സംഘടന

ന്യൂയോർക്ക്: ലോകത്ത് എബോള വൈറസ് ബാധിച്ചുള്ള മരണം 7,500 കടന്നതായി ലോകാരോഗ്യ സംഘടന റിപ്പോർട്ട് ചെയ്തു. ഇതുവരെ 20,000 പേരെ എബോള ബാധിച്ചിട്ടുണ്ട്. പശ്ചിമാഫ്രിക്കൻ രാജ്യങ്ങളായ ഗിനിയ, ലൈബീരിയ, സിറാലിയോൺ എന്നിവിടങ്ങളിലാണ് എബോള ഏറ്റവും കൂടുതൽ നാശം വിതയ്ക്കുന്നത്. ലൈബീരിയയിൽ 3,346 പേരും സിറാലിയോണിൽ 2,477 പേരും എബോള ബാധിച്ചു മരിച്ചതായി സംഘടന റിപ്പോർട്ട് ചെയ്തു.

കർഷകപ്രസ്ഥാനങ്ങളുടെ സംയുക്ത നേതൃസമ്മേളനം ജനുവരി 10ന് കൊച്ചിയിൽ

കേരളത്തിലെ പ്രമുഖ കർഷക പ്രസ്ഥാനങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നതിന്റെ തുടക്കമായി ജനുവരി 10ന് എറണാകുളം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ സംയുക്ത നേതൃസമ്മേളനം ചേരുന്നു. ഉച്ചകഴിഞ്ഞ് 2ന് ആരംഭിക്കുന്ന സമ്മേളനത്തിൽ ഇൻഫാം, ഹൈറേഞ്ച് സംരക്ഷണ സമിതി, പശ്ചിമഘട്ട ജനസമിതി, കുട്ടനാട് വികസനസമിതി, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ, സനാതനം കർഷകസമിതി കൊല്ലം, കർഷകവേദി കോട്ടയം, പരിയാരം കർഷകസമിതി തൃശൂർ, ഭാരതീത കർഷക സമാജം പാലക്കാട്, കാഞ്ഞിരപ്പുഴ കർഷക സമിതി മണ്ണാർക്കാട്, വെസ്റ്റേൺ ഘട്ട് പീപ്പിൾസ് പ്രൊട്ടക്ഷൻ കൗൺസിൽ മലപ്പുറം, ദേശീയ കർഷക മുന്നണി എന്നിവയുൾപ്പെടെ വിവിധ കർഷക പ്രസ്ഥാനങ്ങളാണ് പങ്കെടുക്കുന്നത്. വരും നാളുകളിൽ ഈ സംഘടിത നീക്കം കർഷക പ്രസ്ഥാനങ്ങൾക്ക് കൂടുതൽ ശക്തി പകരും. ഇൻഫാം ദേശീയ ചെയർമാൻ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യും.

കർഷക പ്രക്ഷോഭണങ്ങൾ ശക്തമാക്കും

മൂവാറ്റുപുഴ: കാർഷിക പ്രശ്നങ്ങളിൽ പരസ്പരം സഹകരിച്ചു പ്രവർത്തിക്കാൻ മൂവാറ്റുപുഴയിൽ ചേർന്ന വിവിധ കർഷക സംഘടനകളുടെ സംയുക്തയോഗം തത്വത്തിൽ തീരുമാനിച്ചു. കർഷകനേതാവും മുൻ മന്ത്രിയുമായ കെ.എം. ജോർജിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വൈഡബ്ല്യുസിഎ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. കെ.എം. ജോർജിന് ആദരാഞ്ജലി അർപ്പിച്ച ശേഷമാണ് യോഗം ആരംഭിച്ചത്.

ഇൻഫാം ദേശീയ ചെയർമാൻ ബിഷപ് മാർ മാത്യു അറയ്ക്കൽ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. ചെറിയ തുരുത്തുകളായി മാറിനിൽക്കേണ്ടവരല്ല മലയോരത്തും തീരപ്രദേശത്തും ഇടനാട്ടിലും കഴിയുന്നവരെന്ന് അദ്ദേഹം പറഞ്ഞു. സംഘടനകൾ അകന്നുനിൽക്കുമ്പോൾ ശക്തി കുറയും. നമ്മെ വിഘടിപ്പിച്ചു നിർത്തുകയാണ് രാഷ്ട്രീയ നേതൃത്വങ്ങളുടെ ലക്ഷ്യം. ഇതു നാം തിരിച്ചറിയണം. കർഷകരെ ഗവേഷകരാക്കി മാറ്റണം. തീരദേശത്തുള്ളവരുടെ പ്രശ്നങ്ങൾ മലയോര ജനതയുടെയും പ്രശ്നമാണ്. കുട്ടനാട്ടിലെ കർഷകർ ഇടനാട്ടിലെ ജനങ്ങളുടെ സഹോദരങ്ങളും മത്സ്യത്തൊഴിലാളികൾ കർഷക മക്കളുടെ കൂടപ്പിറപ്പുകളുമാണ്. പിറന്ന മണ്ണിൽ അന്തസായി ജീവിക്കാൻ എല്ലാവർക്കും കഴിയണം. ഇതിനു വേണ്ടിയാണ് ഈ കൂട്ടായ്മയെന്നും മാർ മാത്യു അറയ്ക്കൽ ഓർമിപ്പിച്ചു.

മുൻ എംപി കെ. ഫ്രാൻസിസ് ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി സെക്രട്ടറി ജനറൽ ഷെവലിയർ വി.സി. സെബാസ്റ്റ്യൻ വിഷയാവതരണം നടത്തി. ഇൻഫാം, സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ, കുട്ടനാട് വികസന സമിതി, ഹൈറേഞ്ച് സംരക്ഷണ സമിതി, കർഷക വേദി, പരിയാരം കർഷക സംരക്ഷണ സമിതി, പാലക്കാട് ദേശീയ കർഷക സമാജം, വയനാട് ദേശീയ കർഷക യൂണിയൻ, കോഴിക്കോട് പശ്ചിമഘട്ട സംരക്ഷണ സമിതി, വെസ്റ്റേൺ ഘാട്ട് പീപ്പിൾസ് ഫോറം ഡൽഹി, കിസാൻ സേവ കാസർഗോഡ് തുടങ്ങിയ പ്രസ്ഥാനങ്ങളും വിവിധ സമുദായ സംഘടനകളും മുന്നേറ്റത്തിനു പിന്തുണ പ്രഖ്യാപിച്ചു.



കർഷക സംഘടനകളുടെ സംയുക്ത സമ്മേളനം മൂവാറ്റുപുഴയിൽ ബിഷപ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. എ. മൊയ്തീൻ ഹാജി, ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ഷെവലിയർ വി.സി. സെബാസ്റ്റ്യൻ, വി.വി. അഗസ്റ്റിൻ, ഫാ. തോമസ് പീലിയാനിക്കൽ, പി.സി. സിറിയക്, കെ. ഫ്രാൻസിസ് ജോർജ്, മുതലാംതോട് മണി, പി.സി. ജോസഫ്, ജോബിൻ കണ്ണാത്തുകുഴി, സി.പി. ജോയി, വിൻസന്റ് റാഫേൽ തുടങ്ങിയവർ സമീപം.

ജനകീയ പ്രശ്നങ്ങളിൽ നിന്നു മുഖംതിരിച്ചു നിൽക്കുകയും ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുകയും ചെയ്യുന്ന സർക്കാർ നിലപാടു തിരുത്തണമെന്നു സമ്മേളനം ആവശ്യപ്പെട്ടു. റബർ വിലയിടിവ് തടയാൻ പല നിർദേശങ്ങളും യോഗത്തിൽ ഉന്നയിക്കപ്പെട്ടു. റബർ ഇറക്കുമതിക്ക് തുറമുഖ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും നികുതി വർധിപ്പിക്കുന്നതിനും സമർദ്ദം ചെലുത്തുന്നതോടൊപ്പം റബർ കൃഷിയുടെ ഒരു ഭാഗം തെങ്ങ്, കൊക്കോ, കുരുമുളക് തുടങ്ങിയ കൃഷികൾക്കു മാറ്റിവയ്ക്കാനും നിർദേശമുയർന്നു.

പഴകിയ മരം വെട്ടി നീക്കി ഇവയ്ക്കു സ്ഥലം കണ്ടെത്തണമെന്നും നിർദേശമുണ്ടായി. കർഷകരുടേതായ രാഷ്ട്രീയം ഉയർന്നുവരണമെന്നും അഭിപ്രായമുയർന്നു. കർഷക കൂട്ടായ്മകൾ കാർഷിക പ്രശ്നങ്ങൾ പഠിക്കുന്ന ക്ലാസ് മുറികളായി മാറണം. പരിസ്ഥിതിയുടെ പേരിലുള്ള കോളനിവത്കരണമാണ് ഹൈറേഞ്ചിൽ നടക്കുന്നതെന്ന് ഹൈറേഞ്ച് സംരക്ഷണ സമിതി ഭാരവാഹികൾ പറഞ്ഞു.

ഇൻഫാം ദേശീയ പ്രസിഡന്റ് പി.സി. സിറിയക്, സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി ടി. പീറ്റർ, കുട്ടനാട് വികസന സമിതി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് പീലിയാനിക്കൽ, ഹൈറേഞ്ച് സംരക്ഷണ സമിതി ജനറൽ കൺവീനർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, കർഷക സമിതി സംസ്ഥാന സെക്രട്ടറി ജോസ് വെട്ടം, തൃശൂർ പരിയാരം കർഷക സംരക്ഷണ സമിതി പ്രസിഡന്റ് ജിന്റോ മാത്യു, ദേശീയ കർഷക സമാജം പ്രസിഡന്റ് പാലക്കാട് മുതലംതോട് മണി, ദേശീയ കർഷക യൂണിയൻ പ്രസിഡന്റ് പി.ടി. ജോൺ, വെസ്റ്റേൺ ഘാട്ട് പീപ്പിൾസ് ഫോറം സെക്രട്ടറി ബോബൻ തോമസ്, കിസാൻ സേന സെക്രട്ടറി സത്യനാരായണ ഭട്ട്, കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് വി.വി. അഗസ്റ്റിൻ, കേരള ലത്തീൻ കത്തോലിക്കാ അസോസിയേഷൻ പ്രസിഡന്റ് ഷാജി ജോർജ്, മലനാട് എസ്എൻഡിപി യൂണിയൻ മുൻ പ്രസിഡന്റ് സി.കെ. മോഹനൻ, ഹൈറേഞ്ച് എൻഎസ്എസ് യൂണിയൻ പ്രസിഡന്റ് ആർ. മണിക്കുട്ടൻ, കട്ടപ്പന ഇമാം മൗലവി മുഹമ്മദ് റഫീക്ക് അൽ കൗസരി, ഡോ. എം.സി. ജോർജ്, മൊയ്തീൻ ഹാജി, സണ്ണി മണ്ണത്തൂക്കാരൻ, ജോസ് വള്ളമറ്റം, ജോയി തെങ്ങുംപിള്ളി, ജോബി കണ്ണാത്തുകുഴി, ഡിജോ കാപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു. മുൻ എംഎൽഎ പി.സി. ജോസഫ് സ്വാഗതവും സ്വാഗതസംഘം കൺവീനർ ജോസ് എടപ്പാട്ട് നന്ദിയും പറഞ്ഞു.

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

പാശ്ചാത്യ സ്വാധീനം കേരള നസ്രാണി സഭയുടെ മേൽ ശക്തിയാർജ്ജിച്ചുവെങ്കിലും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൈതൃകം സംരക്ഷിക്കുന്നതിനും വീണ്ടെടുക്കുന്നതിനും വേണ്ടിയുള്ള നാലു നൂറ്റാണ്ടുകൾ നീണ്ടുനിന്ന സംരംഭത്തിൽ അൽമായർ തങ്ങളുടേതായ പങ്കു വഹിച്ചിട്ടുണ്ട്. കൂനൻകുരിശുസത്യത്തെത്തുടർന്ന് സഭയിൽനിന്നു വേർപെട്ടുപോയ ആറാം മാർത്തോമ്മായേയും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലുള്ള 80,000 ത്തോളം വിശ്വാസികളെയും കത്തോലിക്കാസഭയിലേക്ക് ആനയിക്കുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങളിലും ആളുകൊണ്ടും അർത്ഥംകൊണ്ടും അൽമായർ സഹകരിക്കുകയും നേതൃത്വം നല്കുകയും ചെയ്തു. മാർത്തോമ്മാക്രിസ്ത്യാനികളുടെ അതിവിശിഷ്ടമായ പൈതൃകമായിരുന്നല്ലോ പള്ളിയോഗം. ആ വ്യവസ്ഥയെ പോർട്ടുഗീസ് പാതിരികൾ തകർത്തപ്പോഴും സുറിയാനി ക്രിസ്ത്യാനികൾ അതിന്റെ ചൈതന്യം ഉൾക്കൊണ്ടു പ്രവർത്തിച്ചിരുന്നു.

തങ്ങളുടെ മഹത്തായ പൈതൃകം സംരക്ഷിക്കുന്നതിനുവേണ്ടി നടന്ന എല്ലാ പോരാട്ടങ്ങളിലും അൽമായർ അവരുടേതായ പങ്കു വഹിച്ചിട്ടുണ്ട്. തൽഫലമായി 1887 മേയ് 20-ാം തീയതി കേരളത്തിലെ സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നു വേർതിരിച്ച് അവർക്കായി പ്രത്യേകമായ രണ്ടു വികാരിയത്തുകൾ സ്ഥാപിച്ചു. 1923-ൽ എറണാകുളം കേന്ദ്രമായി ഈ സഭയ്ക്ക് സ്വന്തമായ ഒരു ഹൈരാർക്കിയും സ്ഥാപിച്ചു കിട്ടി. എന്നിട്ടും നമ്മുടെ പൈതൃകം പൂർണ്ണമായി വീണ്ടെടുക്കുവാൻ നമുക്കു സാധിച്ചില്ല. മാർത്തോമ്മാ സഭയുടെ തനിമയും വ്യക്തിത്വവും അംഗീകരിച്ചുകിട്ടുവാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് വരെ കാത്തിരിക്കേണ്ടിവന്നു. വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ വന്നിട്ടും പൈതൃകത്തിലേക്കുള്ള യാത്ര സാവധാനമായിരുന്നു. 1993-ൽ നമ്മുടെ സഭയെ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തി. സഭയുടെ തനതായ പാരമ്പര്യങ്ങളെയും വ്യക്തിത്വത്തെയും പുനഃസ്ഥാപിക്കുവാനും അതിന്റെ സർഗ്ഗാത്മകവളർച്ചയെ ത്വരിതപ്പെടുത്തുവാനുമാണ് മേജർ ആർക്കിഎപ്പിസ്കോപ്പൽ സ്ഥാനവും സിനഡൽ സംവിധാനവും ഏർപ്പെടുത്തിയത്. എന്നിട്ടും പൈതൃകത്തിലേക്കുള്ള യാത്ര വളരെ മന്ദഗതിയിലായെന്ന് സിനഡിന് ബോധ്യമായി. ആ യാത്ര സുഗമവും വേഗത്തിലും ആക്കുന്നതിനു വേണ്ടിയാണ് 2008 ഓഗസ്റ്റ് 12ന് ബിഷപ്സ് സിനഡ്, സീറോമലബാർ സഭയ്ക്ക് ഒരു അല്മായ കമ്മീഷൻ രൂപീകരിച്ചത്.

സഭയിലെ അല്മായപ്രാമുഖ്യം ഉറപ്പുവരുത്താൻ വേണ്ടി പാസ്റ്ററൽ കൗൺസിൽപോലുള്ള സംവിധാനങ്ങൾ നിർദ്ദേശിക്കുകവഴി രണ്ടാം വത്തിക്കാൻ കൗൺസിൽ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ നമ്മുടെ പള്ളിയോഗങ്ങളിലൂടെ നിലവിലിരുന്ന അല്മായ പങ്കാളിത്തസ്വഭാവത്തിന്റെ പ്രസക്തി പരോക്ഷമായി അംഗീകരിക്കുകയായിരുന്നു. നമ്മുടെ സഭാപാരമ്പര്യത്തെ കാലാനുസൃതമായി പുനരുജ്ജീവിപ്പിച്ച ഈ കാലഘട്ടത്തിൽ സീറോ-മലബാർ സഭയിലെ അൽമായ പങ്കാളിത്തം കൂടുതൽ സുദൃഢമാക്കേണ്ടിയിരിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ നിലനിന്നിരുന്ന ഒരു ജീവിതരീതിയും ഭരണക്രമവും വള്ളിപുള്ളി വ്യത്യാസം കൂടാതെ പുനരുദ്ധരിക്കണമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. എല്ലാവരും ഊന്നൽ നൽകുന്നത് പള്ളിയോഗത്തിന്റെ ചൈതന്യത്തിലാണ്.



സഭയുടെ പ്രേഷിത ദൗത്യത്തിൽ സഭാംഗങ്ങൾക്കെല്ലാം അവരവരുടേതായ പങ്കു നിർവഹിക്കാനുണ്ട്. പൗരസ്ത്യസഭകളുടെ കാനൻ നിയമത്തിൽ വിശ്വാസികളുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്: ദൈവശാസ്ത്രപഠനത്തിനുള്ള അവകാശവും കടമയും അല്മായർക്കുണ്ട്; സഭയുടെ പ്രേഷിതരംഗങ്ങളിൽ പങ്കാളികളാകാനും സഭാമക്കളുടെ ആവശ്യങ്ങൾ ഇടയന്മാരെ അറിയിക്കാനുമുള്ള ഉത്തരവാദിത്വം അവർക്കുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിനുള്ള അവകാശവുമുണ്ട്.

സഭയുടെ പ്രേഷിതദൗത്യത്തിൽ സഭാംഗങ്ങൾക്കെല്ലാം അവരവരുടേതായ പങ്കു നിർവഹിക്കാനുണ്ട്. പൗരസ്ത്യസഭകളുടെ കാനൻ നിയമത്തിൽ വിശ്വാസികളുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്: ദൈവശാസ്ത്രപഠനത്തിനുള്ള അവകാശവും കടമയും അല്മായർക്കുണ്ട്; സഭയുടെ പ്രേഷിതരംഗങ്ങളിൽ പങ്കാളികളാകാനും സഭാമക്കളുടെ ആവശ്യങ്ങൾ ഇടയന്മാരെ അറിയിക്കാനുമുള്ള ഉത്തരവാദിത്വം അവർക്കുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിനുള്ള അവകാശവുമുണ്ട്; ദൈവശാസ്ത്രപഠനത്തിനുള്ള അവകാശവും കടമയും അല്മായർക്കുണ്ട്; സഭയുടെ പ്രേഷിതരംഗങ്ങളിൽ പങ്കാളികളാകാനും സഭാമക്കളുടെ ആവശ്യങ്ങൾ ഇടയന്മാരെ അറിയിക്കാനുമുള്ള ഉത്തരവാദിത്വം അവർക്കുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിനുള്ള അവകാശവുമുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിനുള്ള അവകാശവുമുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിനുള്ള അവകാശവുമുണ്ട്.

സഭയുടെ പ്രേഷിതദൗത്യത്തിൽ സഭാംഗങ്ങൾക്കെല്ലാം അവരവരുടേതായ പങ്കു നിർവഹിക്കാനുണ്ട്. പൗരസ്ത്യസഭകളുടെ കാനൻ നിയമത്തിൽ വിശ്വാസികളുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്: ദൈവശാസ്ത്രപഠനത്തിനുള്ള അവകാശവും കടമയും അല്മായർക്കുണ്ട്; സഭയുടെ പ്രേഷിതരംഗങ്ങളിൽ പങ്കാളികളാകാനും സഭാമക്കളുടെ ആവശ്യങ്ങൾ ഇടയന്മാരെ അറിയിക്കാനുമുള്ള ഉത്തരവാദിത്വം അവർക്കുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിന

മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി

കാനാൻദേശം

THE BIBLE REALITY SHOW

ഗുഡ്നസ് ടിവിയിൽ



ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ **കാനാൻദേശം**

10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും പരിപാടിയിൽ പങ്കെടുക്കാം.



Contact: Phone : 8606420011,canandesham@gmail.com

" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "

www.goodnesstv.tv

GOODNESS

ഞായർ രാത്രി 7:30

പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm

LAITY VOICE



30

ക്രിസ്തുവിലുള്ള ജീവിതം

കഴിഞ്ഞ ലക്കം തുടർച്ച...

പുണ്യങ്ങൾ

എന്താണ് പുണ്യം?

നന്മ ചെയ്യാനുള്ള തഴക്കപരവും ഉറപ്പുള്ളതുമായ മനോഭാവമാണ് പുണ്യം. "പുണ്യമുള്ള ജീവിതത്തിന്റെ ലക്ഷ്യം ദൈവത്തെപ്പോലെയാകുക എന്നതാണ്" (നിസ്സായിലെ വി.ഗ്രിഗറി). മാനുഷിക പുണ്യങ്ങളും ദൈവികപുണ്യങ്ങളും ഉണ്ട്.

മാനുഷികപുണ്യങ്ങൾ ഏവയാണ്?

യുക്തിക്കും വിശ്വാസത്തിനും മനുസരിച്ച് നമ്മുടെ പ്രവൃത്തികളെ ഭരിക്കുകയും വികാരങ്ങളെ ക്രമപ്പെടുത്തുകയും പെരുമാറ്റങ്ങളെ നയിക്കുകയും ചെയ്യുന്ന ബുദ്ധിയുടെയും ഇച്ഛാശക്തിയുടെയും തഴക്കപരവും ഉറപ്പാർന്നതുമായ പൂർണ്ണതകളാണ് മാനുഷികപുണ്യങ്ങൾ. ധാർമ്മികമായ നല്ല പ്രവൃത്തികളുടെ ആവർത്തനം വഴി അവ ആർജ്ജിക്കുകയും ശക്തമാക്കപ്പെടുകയും ചെയ്യുന്നു. ദൈവികകൃപ അവയെ വിശുദ്ധീകരിക്കുകയും ഉയർത്തുകയും ചെയ്യുന്നു.

ഏവയാണ് പ്രധാനപ്പെട്ട മാനുഷിക പുണ്യങ്ങൾ?

പ്രധാനപ്പെട്ട മാനുഷിക പുണ്യങ്ങൾ "മൗലിക പുണ്യങ്ങ"ളെന്നറിയപ്പെടുന്നു. മറ്റെല്ലാ പുണ്യങ്ങളും അവയ്ക്കു കീഴിൽ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. സുകൃതജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളാണവ. വിവേകം, നീതി, ധൈര്യം, സംയമനം എന്നിവയാണ് മൗലികപുണ്യങ്ങൾ.

എന്താണ് വിവേകം?

ഓരോ സാഹചര്യങ്ങളിലും നമ്മുടെ ശരിയായ നന്മയെ വിവേചിക്കുന്നതിനും അത് നേടുന്നതിനുംവേണ്ടി ശരിയായ മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കാൻ യുക്തിയെ ഒരുക്കുന്നതാണ് വിവേകം. നിയമവും അളവും ചൂണ്ടിക്കാട്ടി വിവേകം മറ്റു പുണ്യങ്ങളെ നയിക്കുന്നു.

എന്താണ് നീതി?

മറ്റുള്ളവർക്ക് അർഹതപ്പെട്ടത് കൊടുക്കുന്നതാണ് നീതി. നിരന്തരവും സുസ്ഥിരവുമായ ഇച്ഛാശക്തിയിലാണ് നീതി അടങ്ങിയിരിക്കുന്നത്. ദൈവത്തോടുള്ള നീതിയെ മതാത്മകസുകൃതം (virtue of religion) എന്നുവിളിക്കുന്നു.

എന്താണ് ധൈര്യം?

പ്രയാസങ്ങളിൽ ഉറപ്പും നന്മ പിന്തുടരുന്നതിൽ സ്ഥിരതയും ഉറപ്പാക്കുന്നതാണ് ധൈര്യം. നീതിപൂർവ്വകമായ ഒരു കാര്യത്തിനുവേണ്ടി ഒരുവനെ തന്റെ ജീവൻ ത്യജിക്കാൻ പോലും സന്നദ്ധനാക്കുന്ന ഒന്നാണ് ധൈര്യം.

എന്താണ് സംയമനം?

സുഖഭോഗങ്ങളുടെ ആകർഷണത്തെ മിതപ്പെടുത്തുന്നതും വാസനകളുടെമേൽ ഇച്ഛാശക്തിയുടെ അധീശത്വത്തെ ഉറപ്പാക്കുന്നതും സൃഷ്ടവസ്തുക്കളുടെ ഉപയോഗത്തിൽ സന്തുലിതാവസ്ഥ നൽകുന്നതുമായ സുകൃതമാണ് സംയമനം.

എന്താണ് ദൈവികപുണ്യങ്ങൾ?

ദൈവികപുണ്യങ്ങളുടെ ഉത്ഭവവും ലക്ഷ്യവും നേരിട്ടുള്ള വിഷയവും ദൈവം തന്നെയാണ്. വിശുദ്ധീകരണവരപ്രസാദത്താൽ നിവേശിപ്പിക്കപ്പെട്ട്, ത്രിത്വത്തോടുള്ള ബന്ധത്തിൽ ജീവിക്കുന്നതിനുള്ള കഴിവ് ഒരുവന് ദൈവികപുണ്യങ്ങൾ സമ്മാനിക്കുന്നു. ക്രൈസ്തവധാർമ്മികപ്രവർത്തനത്തിന്റെ അടിസ്ഥാനവും ഊർജ്ജസ്വലമായ ശക്തിയുമാകുന്നു, അവ. മാനുഷിക പുണ്യങ്ങൾക്ക് ജീവൻനൽകുന്ന മനുഷ്യന്റെ ഇന്ദ്രിയശക്തികളിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അച്ചാരവും ആണ് ദൈവികപുണ്യങ്ങൾ.

ദൈവികപുണ്യങ്ങൾ ഏവയാണ്?

വിശ്വാസം, ശരണം, ഉപവി എന്നിവയാണ് ദൈവികപുണ്യങ്ങൾ.

വിശ്വാസമെന്ന പുണ്യം എന്താണ്?

ദൈവത്തിലും അവിടുന്ന് നമുക്ക് വെളിപ്പെടുത്തിയിട്ടുള്ള എല്ലാ കാര്യങ്ങളിലും സഭ നമ്മുടെ വിശ്വാസത്തിനായി നിർദ്ദേശിക്കുന്നവയിലും വിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ദൈവികപുണ്യമാണ് വിശ്വാസം. എന്തെന്നാൽ ദൈവം സത്യംതന്നെയാണ്. വിശ്വാസത്താൽ മനുഷ്യവ്യക്തി തന്നെത്തന്നെ സ്വതന്ത്രമായി ദൈവത്തിന് സമർപ്പിക്കുന്നു. ഇക്കാരണത്താൽ, വിശ്വാസി, ദൈവേഷ്ടം അറിയാനും അത് പ്രവർത്തിക്കാനും പരിശ്രമിക്കണം. എന്തെന്നാൽ, "വിശ്വാസം സ്നേഹത്തിലൂടെ പ്രവർത്തിക്കുന്നു" (ഗലാ.5:6).

എന്താണ് ശരണം?

നമ്മുടെ സൗഭാഗ്യമായ നിത്യജീവനെ നാം ആഗ്രഹിക്കലും ദൈവത്തിൽനിന്ന് അത് കാത്തിരിക്കലുമാണ് ശരണമെന്ന് ദൈവിക പുണ്യം. ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും പരിശുദ്ധാത്മാവിന്റെ സഹായത്തിൽ ആശ്രയിച്ചും നമുക്കത് നേടാനാവുമെന്നും നമ്മുടെ ഭൗതിക ജീവിതത്തിന്റെ അന്ത്യം വരെ അതിൽ നിലനിൽക്കാനാവുമെന്നും നാം ശരണപ്പെടുന്നു.

എന്താണ് ഉപവി?

ദൈവത്തെ എല്ലാറ്റിനുമുപരിയായും അവിടുത്തെ സ്നേഹത്തെപ്രതി നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെയും സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ദൈവികപുണ്യമാണ് ഉപവി. യേശു ഉപവിയെ പുതിയ നിയമമായും നിയമത്തിന്റെ പൂർത്തീകരണമായും മാറ്റി. "അത് പൂർണ്ണതയുടെ ബന്ധവും" മറ്റു പുണ്യങ്ങളുടെ അടിസ്ഥാനവും ആണ്. സ്നേഹം മറ്റുള്ളവർക്ക് ജീവനും പ്രചോദനവും ക്രമവും നൽകുന്നു. സ്നേഹമില്ലാതെ "ഞാനൊന്നുമല്ല'' ഞാനൊന്നും നേടുന്നുമില്ല (1 കോറി.13:1-3).

നമ്മുടെ സൗഭാഗ്യമായ നിത്യജീവനെ നാം ആഗ്രഹിക്കലും ദൈവത്തിൽനിന്ന് അത് കാത്തിരിക്കലുമാണ് ശരണമെന്ന് ദൈവിക പുണ്യം. ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും പരിശുദ്ധാത്മാവിന്റെ സഹായത്തിൽ ആശ്രയിച്ചും നമുക്കത് നേടാനാവുമെന്നും നമ്മുടെ ഭൗതിക ജീവിതത്തിന്റെ അന്ത്യം വരെ അതിൽ നിലനിൽക്കാനാവുമെന്നും നാം ശരണപ്പെടുന്നു.

(തുടരും)

(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

Published and edited by Chevalier Adv.V C Sebastian
Valliamthadathil, Santhigri Residency,Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevalieradvvcsebastian@gmail.com

SHAJU.CHACKO7@GMAIL.COM
Private circulation